ഏപ്രിൽ 2021

Price ₹ 25

# ജീവനും വെളിച്ചവും



## കുടുംബം മഹനീയമായ ദൈവപദ്ധതിയാണ്...



തിരുവനന്തപുരം ലത്തീൻ അതിരൂപത
മാര്യേജ് ബ്യൂറോ
ക്രൈസ്തവ കുടുംബങ്ങളിൽ നിന്നുള്ള
പവിത്ര ബന്ധങ്ങൾക്ക്...
RC MATRIMONIAL
UNDERTAKING OF KRLCC
FOR REGISTRATION
www.rcmatrimonial.org
Central Office
MINISTRY OF FAMILY APOSTOLATE
LATIN ARCHDIOCESE OF TRIVANDRUM
VELLAYAMBALAM, TRIVANDRUM
Mob: 93872 96213
matrimonialrc@gmail.com (E)

## മുഖവിചാരം


## ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2021 ഏപ്രിൽ
പുസ്തകം - 45 ലക്കം - 4
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)



ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. ഫാ. ഡാർവിൻ പീറ്റർ
ഫാ. സുരേഷ് പയസ്
ഫാ. മെൽക്കൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ജോൺ എ.ആർ.
ഫാ. ഷാജിൻ ജോസ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ് IVDei
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ


# പരസ്പരം താങ്ങും തുണയുമാകാൻ ഇരട്ട ആഘോഷങ്ങൾ

യൗസേപ്പ് പിതാവിനായി പ്രതിഷ്ഠിക്കപ്പെട്ട (2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെ) വർഷം തന്നെ കുടുംബ വർഷമായി (2021 മാർച്ച് 19 മുതൽ 2022 ജൂൺ 26 വരെ) പ്രഖ്യാപിക്കുന്നതിലൂടെ തന്റെ ഹൃദയത്തിൽ കുടുംബങ്ങൾക്കുള്ള കരുതൽ ഒരിക്കൽക്കൂടി വരച്ചുകാട്ടുകയാണ് ഫ്രാൻസീസ് പാപ്പ. കോവിഡ് കാലം തീർത്ത ശാരീരികവും, സാമൂഹികവുമായ അകലം കുടുംബത്തിന്റെ തണലിൽ പുഷ്ടിപ്പെടുത്തി സ്നേഹത്തിന്റെ സന്തോഷത്തിൽ ഉയരാനുള്ള ആഹ്വാനമാണ്. സ്നേഹത്തിൽ സന്തോഷം (അമോരിസ് ലെത്തീസ്യ) എന്ന അപ്പസ്തോലിക ലേഖനത്തിന്റെ അഞ്ചാംവർഷം കുടുംബവർഷമായി പ്രഖ്യാപിക്കുന്നതിലൂടെ, രണ്ടാം വത്തിക്കാൻ കൗൺസിൽ മുന്നോട്ടുവയ്ക്കുന്ന 'ഗാർഹികസഭ'യെന്ന ലക്ഷ്യം സാധ്യമാക്കാനുള്ള ക്ഷണം കൂടിയാണിത്.

കൊറോണ കാലം കുട്ടികളിലും യുവജനങ്ങളിലും ദമ്പതികളിലും, മുതിർന്ന പൗരന്മാരിലും എന്നല്ല മാനവകുലത്തിൽ മുഴുവനും സൃഷ്ടിച്ച ആശങ്കകളുടെയും അനിശ്ചിതത്വത്തിന്റെയും അനുഭവങ്ങൾ വിവരണാതീതമാണ്. ഈ ഏകാന്തതയുടെ നിമിഷത്തിൽ കുടുംബനാഥൻ ഗുരുനാഥനും, സ്നേഹവാത്സല്യമുള്ള പിതാവും കുടുംബങ്ങളുടെ ആത്മീയ ഗുരുക്കന്മാരുമായിമാറിയ അനേകം അനുഭവങ്ങൾ വിവരിക്കാനുണ്ട്. അടുക്കളയിൽ എന്നും ഒറ്റക്ക് തീ ഊതിയ അമ്മയ്ക്ക് കുട്ടികളും ഭർത്താവും താങ്ങാകുന്ന മനോഹരമായ അനുഭവം പങ്കുവയ്ക്കുന്ന കുടുംബിനികളും നമ്മുടെ ഇടയിലുണ്ട്. ശാരീരിക അകലം സൂക്ഷിച്ചാണെങ്കിലും മാനസീകവും, വൈകാരികവും ആത്മീയവുമായ അടുപ്പത്തിലൂടെ കുടുംബം സഭയായി ഉയർന്ന അനുഭവങ്ങൾ പങ്കുവയ്ക്കുന്ന ധാരാളം കുടുംബങ്ങളും ഉണ്ട്.

വിശുദ്ധ യൗസേപ്പിതാവ് ശാന്തനായി ഉത്സാഹത്തോടെ തിരുകുടുംബത്തെ പ്രതിസന്ധികളിലൂടെ നയിച്ചതുപോലെ, കുടുംബത്തിൽ അപ്പനും അമ്മയ്ക്കും, മക്കൾക്കും പരസ്പരം താങ്ങാകാനും തുണയേകാനും അങ്ങനെ ആഴമുള്ള കുടുംബബന്ധങ്ങൾ പടുത്തുയർത്തിക്കൊണ്ട് ത്രീയേക ദൈവത്തിന്റെ ഛായയായി മാറാനും, പരസ്പരവും, മറ്റുള്ളവരോടു കരുണയും, കരുതലും ഉള്ളവരാകാനുള്ള വലിയ ക്ഷണമാണ് ഈ ഇരട്ട ആഘോഷങ്ങളിലൂടെ ഫ്രാൻസിസ് പാപ്പ നമുക്ക് നൽകുന്നത്.

നമുക്ക് പരസ്പരം താങ്ങാകാം, തുണയാകാം, നല്ല കുടുംബമായി മാറാം. ഉയിർപ്പാശംസകൾ നേരുന്നു!

\- പത്രാധിപർ



**ഏത് കാറ്റിലും ഉലയാത്ത ഉത്ഥാനനാളമായി ക്രിസ്തു ജ്വലിച്ചു നിൽക്കുന്നു. കെടുന്ന തിരിയിൽ നിന്നും നാളം പിരിയുംപോലെ. മരണം മാടിവിളിക്കുമ്പോൾ കെട്ടടങ്ങാത്ത പ്രഭയായ ഉത്ഥിതൻ ശോഭിക്കുന്നു. തീയിൽ ദഹിക്കാത്തവൻ.. നീരിൽ ലയിക്കാത്തവൻ... അവനാണ് ക്രിസ്തു. 'ഓരോ ഭയത്തെയും ഓരോ സംശയത്തേയും മാനുഷീക കണക്കുകൂട്ടലുകളെയും തൂത്തെറിയുന്ന ശക്തമായ കാറ്റാണ് ഉത്ഥാനം**

# ഉത്ഥിതന്റെ പിന്നാലെ...

**ഫാ. ഇമ്മാനുവേൽ**

മരണപ്പെട്ട ദുഃഖവെള്ളികൾ ഒരിക്കൽ പുനഃരുത്ഥാനം ചെയ്യും. ഇരുളിൻ പുലരുന്ന മിന്നാമിനുങ്ങിന്റെ വെട്ടത്തിൽ ഉയരുന്ന പ്രതീക്ഷയാണ് ഉയിർപ്പ്. ആദ്യം നിങ്ങളെ അവർ അവഗണിക്കും... പിന്നെ പരിഹസിക്കും... പിന്നെ പുച്ഛിക്കും... എന്നിട്ട് ആക്രമിക്കും... ഇതിനെല്ലാം ഒടുവിലായിരിക്കും സുഹൃത്തേ ഉയിർപ്പ് ആരംഭിക്കുന്നത്. അടച്ചുമൂടപ്പെട്ട കല്ലറകളിൽ നിന്നും പുതുശോഭയോടെ തിരിച്ചറിവുകളുടെ നാളേകളിലേക്ക് പുറത്തുവരാനുള്ള വിളിയാണ് ഉയർപ്പിന്റെ മന്ത്രം. വിചാരണ-വിധി, ഒടുവിലൊരു ക്രൂശുമരണം അതും നിറവേറ്റപ്പെട്ടിരിക്കുന്നു. ഇനി ഉയിർപ്പാണ്, നീയും ഞാനും അറിയാതെപോയ നസ്രായന്റെ രണ്ടാം തിരുപ്പിറവി. ഉള്ളിൽ പകയില്ലാത്ത സ്നേഹം... മനസ്സിൽ ശത്രുതയില്ലാത്ത ക്ഷമ... ആത്മാവിൽ വിദ്വേഷമില്ലാത്ത കാരുണ്യം... മരണത്തിലും ഉയിർപ്പ് മുളപൊട്ടുന്നതിന്റെ സുകൃതങ്ങളായിരുന്നു ഇതെല്ലാം. മണ്ണിന്റെ കാഠിന്യത്തെ കീറിമുറിച്ച് മുളച്ചുവരുന്ന ചെറുവിത്ത് ആകാശത്തെ നോക്കി ചിരിക്കുംപോലെ ഉത്ഥിതൻ എന്റെയും നിന്റെയും ഉള്ളിൽ പ്രതീക്ഷയുടെ കൊള്ളിയാൻവെട്ടം സമ്മാനിക്കുന്നു. പാപത്തിന്റെ ഇരുളിൽ നിന്നും വിശുദ്ധിയുടെ പുതുവെളിച്ചത്തിലേക്ക് ഉത്ഥിതൻ ക്ഷണിക്കുന്നു.

സഭാപിതാവായ വി. ജസ്റ്റിൻ ഉയിർപ്പിനെ രണ്ടാം പിറവി എന്നാണ് വിളിച്ചത്. കാരണം, ഉൽപ 2:7 ൽ ദൈവമായ കർത്താവ് ഭൂമിയിലെ പൂഴികൊണ്ട് മനുഷ്യനെ രൂപപ്പെടുത്തുകയും ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിക്കുകയും ചെയ്തു എന്ന് വായിക്കുന്നു. മണ്ണുകൊണ്ടുണ്ടാക്കിയ മനുഷ്യനിൽ ദൈവശ്വാസം ഊതിയപ്പോൾ - അത് ഒന്നാം പിറവിയായി. മരിച്ച് മണ്ണിലേക്ക് മറയുന്ന മനുഷ്യനിൽ ദൈവം ജീവന്റെ കാറ്റൂതി ചലനമുള്ളതാക്കി മാറ്റുമ്പോൾ അത് രണ്ടാം പിറവിയാണ്. ദൈവത്തിന്റെ ശ്വാസം മരണത്തിലേക്കല്ല; മറിച്ച് പിറവിയിലേക്കുള്ള ആത്മാവിന്റെ കൃപയാണെന്ന് നീ തിരിച്ചറിയണേ.

ജോബിന്റെ പുസ്തകം ധ്യാനപൂർവ്വം വായിക്കുമ്പോൾ പിശാചിന്റെ മൂന്ന് ഒളിത്താവളങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ഒന്ന്, ഇരുട്ട് - വെളിച്ചത്തിന്റെ അഭാവമാണ് ഇരുട്ട് അഥവാ തമസ്. രണ്ട്, നിഴൽ - സ്വന്തം നിഴലിന്റെ മറവിൽ പതിയിരിക്കുന്ന നിഴലുകളുണ്ട്. മൂന്ന്, ചതുപ്പ് - അപ്രതീക്ഷിതമായി ഉണ്ടാകുന്ന ജീവിതവീഴ്ചകൾ. സൂര്യൻ, ഇരുട്ടിൽ പ്രകാശമാണ്... നിഴലിനെ തിരിച്ചറിയാൻ സഹായിക്കും... ചതുപ്പിനെ കാഠിന്യമുള്ളതാക്കിമാറ്റും. അതുകൊണ്ടാണ്

പ്രാചീന മനുഷ്യർ സൂര്യനെ ആരാധിച്ചിരുന്നത്. ഇരുട്ടിനെ കീഴടക്കുന്ന ശോഭ; നിഴലിനെ അഥവാ തണുപ്പിനെ ചൂടാക്കുന്ന പ്രഭ; ചതുപ്പിനെ ഉറപ്പാക്കുന്ന വൈഭവം; ഇതെല്ലാം സൂര്യനിലുണ്ട്. അതുകൊണ്ടായിരിക്കണം മഹാനായ ലെയോ പാപ്പ സൂര്യനെ നീതിസൂര്യനായ ഉത്ഥിതനോടുള്ള ആരാധനയാക്കിമാറ്റിയത്. പിശാചിന്റെ കുടിലതകൾക്ക് മറുപടിയാണ് നസ്രായൻ. തിന്മയെ കീഴടക്കിയ.... പാപത്തെ അതിജീവിച്ച... മരണത്തെ ജയിച്ച... നീതി സൂര്യനാണ് ക്രിസ്തു! അവന്റെ വെട്ടത്തിൽ തട്ടി തിന്മയും പാപവും മരണവുമെല്ലാം അടിയറവുപറഞ്ഞ ദിനമാണ് ചങ്ങാതി ഉയിർപ്പ്.

ദാവീദിന്റെ വീണുപോയെ കൂടാരത്തെ ഉയർത്താൻ അവൻ വീണ്ടും ഉത്ഥിതൻ ശോഭിക്കുന്നു. തീയിൽ ദഹിക്കാത്തവൻ.. നീരിൽ ലയിക്കാത്തവൻ... അവനാണ് ക്രിസ്തു. 'ഓരോ ഭയത്തെയും ഓരോ സംശയത്തേയും മാനുഷീക കണക്കുകൂട്ടലുകളെയും തൂത്തെറിയുന്ന ശക്തമായ കാറ്റാണ് ഉത്ഥാനമെന്ന് ബനഡിക്ട് പതിനാറാമൻ പാപ്പ വാചാലനാകുന്നുണ്ട്.

ഒരുവണ്ട് താമരപ്പൂവിൽ തേൻ തേടിയെത്തി. തേൻ നുകരുന്നതിനിടയ്ക്ക് നേരം സന്ധ്യയായി. സൂര്യൻ മറഞ്ഞാൽ താമരയ്ക്ക് വിരിഞ്ഞു നിൽക്കാനാവില്ല. വണ്ട് താമരപ്പൂവിനകത്തായി. താമര വണ്ടിനോട് പറഞ്ഞു: 'നാളെ പ്രഭാതത്തിലെ എനിക്ക് വിരിയാനാകൂ. നീ വെറുതേ സമയം കളയണ്ട. എന്റെ ഇതളുകളെ മുറിവേൽപ്പിച്ചു പൊയ്ക്കൊള്ളു പറ്റിയ അവസരത്തിനുവേണ്ടി തക്കം പാർത്തിരിക്കുമ്പോൾ നഷ്ടപ്പെടുന്നത് ഈ ഉയിർപ്പനുഭവമാണെന്നും സ്നേഹപൂർവം അറിയണേ...

പ്രിയ സുഹൃത്തേ...

ജീവിതത്തിന്റെ സിംഫണിയാണ് ഉത്ഥാനം - ഈസ്റ്റർ പ്രഘോഷണം ശ്രവിക്കുന്ന എനിക്കോ നിനക്കോ പ്രത്യാശയില്ലാത്തവന്റെ രസമില്ലാത്ത അസ്ഥിത്വം നയിക്കാൻ കഴിയില്ല. പിന്നെയോ, ഉയിർപ്പിന്റെ സിംഫണിയിൽ ജീവിതം മനോഹരമാക്കപ്പെടുന്നു..

മരണത്തിൻമേലൊരു റേഡിയം രശ്മിയാണ് ഉത്ഥാനം. നീ ദൈവമാണെങ്കിൽ കുരിശിൽ നിന്നിറങ്ങിവരികയെന്ന് ആക്രോശിച്ചവർ ഉയിർപ്പിന്റെ രശ്മികണ്ട് ഞെട്ടിയിട്ടുണ്ടായിരുന്നു. ഇരുട്ടിൽ ഇഴയാനല്ല; പ്രകാശത്തിൽ



വരുന്നു. അവനോടൊപ്പമാണ് ഞാനും നീയും ഇനി നടക്കേണ്ടത്. കുരുവിയുടെ കൊക്കിൽ അകപ്പെട്ട സ്വപ്നങ്ങൾ പോലെ മരണം ഗ്രസിച്ചവരായിരുന്നു മിത്രമേ നമ്മൾ. ഏത് കാറ്റിലും ഉലയാത്ത ഉത്ഥാനനാളമായി ക്രിസ്തു ജ്വലിച്ചു നിൽക്കുന്നു. കെടുന്ന തിരിയിൽ നിന്നും നാളം പിരിയുംപോലെ. മരണം മാടിവിളിക്കുമ്പോൾ കെട്ടടങ്ങാത്ത പ്രഭയായ

ക. വണ്ട് സ്നേഹപൂർവം പറഞ്ഞുവത്രെ. "നിന്നെ വേദനിപ്പിച്ച് എനിക്കിനി പോകേണ്ട. നാളെ പ്രഭാതത്തിൽ ഇതളുകൾ വിരിയുമ്പോൾ ഞാൻ നിന്നെ വേദനിപ്പിക്കാതെ പറന്നുപോയിക്കൊള്ളാം." വേറൊരാളെ വേദനിപ്പിക്കാതെ കടന്നുപോകുന്ന ദിനങ്ങളൊക്കെ ഉയിർപ്പിന്റെ അനുഭവമാണ് പങ്കുവയ്ക്കുന്നതെന്നോർക്കണം. ജീവിതം മുഴുവൻ പകരം വീട്ടാൻ

ശോഭിക്കാനാണ് ഈ ഉത്ഥാനരശ്മി.

ജീവിതത്തിന്റെ പൂർണവിരാമമാണ് ഉയിർപ്പ്. - ഒരാളുടെ ഉള്ളിൽ ക്രിസ്തുവാണ് ജീവിക്കുന്നതെങ്കിൽ അയാൾക്ക് എങ്ങനെ മരിക്കാനാകും? മരണം ജീവിതത്തിന്റെ പൂർണതയെപ്പറ്റി പാടുമ്പോൾ ഉത്ഥാനം ജീവിതത്തിന്റെ പൂർണതയെപ്പറ്റി പ്രതീക്ഷ നൽകുകയാണ് കുഞ്ഞേ.

ആഗോളസഭയിൽ 2021 വർഷം ഏറെ പ്രത്യേകതകൾ നിറഞ്ഞതാണ്. സഭയുടെ പരമാധ്യക്ഷനായ ഫ്രാൻസിസ് പാപ്പ 2021 നമുക്ക് ഇരട്ടിമധുരം സമ്മാനിച്ചിരിക്കുകയാണ്. ഒന്ന് വി. യൗസേപ്പിതാവിന്റെ വർഷാചരണം. രണ്ട് കുടുംബവർഷാചരണം. തിരുക്കുടുംബപാലകനായ വി. യൗസേപ്പിതാവിനെ സാർവത്രികസഭയുടെ രക്ഷാധികാരിയായി പ്രഖ്യാപിച്ചതിന്റെ 150–ാം വർഷത്തോടനുബന്ധിച്ചാണ് 2020 ഡിസം. 8 മുതൽ 2021 ഡിസം. 8 വരെ വി. യൗസേപ്പിതാവിന്റെ വർഷാചരണത്തിന് ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തത്. വി. യൗസേപ്പിതാവിന്റെ വർഷാചരണത്തിൽ തന്നെ കുടുംബവർഷാചരണം കൂടി ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചിരിക്കുകയാണ്. കുടുംബങ്ങളുടെ പവിത്രതയും വിവാഹജീവിതത്തിന്റെ അമൂല്യതയും വ്യക്തമാക്കുന്ന ഫ്രാൻസിസ് പാപ്പയുടെ 'അമോരീസ് ലെത്തീസ്യ' (സ്നേഹത്തിന്റെ ആനന്ദം) എന്ന പ്രബോധനത്തിന്റെ അഞ്ചാം വാർഷികം പ്രമാണിച്ചാണ് പാപ്പ കുടുംബവർഷാചരണം പ്രഖ്യാപിച്ചിരിക്കുന്നത്. വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനമായ 2021 മാർച്ച് 19 ന് തുടങ്ങി 2022 ജൂൺ 26 ന് റോമിൽ നടക്കുന്ന ആഗോള കുടുംബസംഗമത്തോടുകൂടിയാണ് കുടുംബവർഷാചരണ സമാപിക്കുന്നത്. ഈ സവിശേഷ സാഹചര്യം പ്രയോജനപ്പെടുത്തി കുടുംബങ്ങളുടെ വീണ്ടെടുപ്പ് സാധ്യമാക്കേണ്ട കർമ്മപരിപാടികളെക്കുറിച്ചും സാധ്യതകളെക്കുറിച്ചുമാണ് ഈ ലേഖനങ്ങൾ പ്രതിപാദിക്കുന്നത്.





# ക്രിസ്തീയ രക്ഷകർതൃത്വം

ഫാ. സുരേഷ് പയസ്

'സമൂഹത്തിന്റെ അടിത്തറ കുടുംബമാണ്. ആ അടിത്തറ ഇളകിപ്പോയാൽ സമൂഹം നാശോന്മുഖമാകും.'

## കുടുംബം ഒരു പ്രശ്നമല്ല; സാധ്യതയാണ്

തോബിത്തിന്റെ പുസ്തകത്തിലെ ഒരു വചനഭാഗം ക്രിസ്തു ആഗ്രഹിക്കുന്ന ഒരു കുടുംബത്തിന്റെ അകത്തളമാണ്. സുവിശേഷ പ്രഘോഷണത്തിന്റെ വയലാണ് കുടുംബം. സുവിശേഷ പ്രഘോഷണം ആരംഭിക്കേണ്ടത് കുടുംബത്തിൽ നിന്നാണ്. കുടുംബത്തെ 'ഗാർഹിക സഭ' എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുന്നത്. കുടുംബങ്ങളെക്കുറിച്ച് ഫ്രാൻസിസ് പാപ്പ പറയുന്നത്: 'കുടുംബം ഒരു പ്രശ്നമല്ല; ഒരു സാധ്യതയാണ്' എന്നാണ് സ്നേഹത്തിലേയ്ക്ക്, സന്തോഷത്തിലേയ്ക്ക്, പങ്കുവയ്ക്കലിലേക്ക്, ക്ഷമയിലേക്ക്, പ്രാർത്ഥനയിലേയ്ക്ക് നമ്മെ നയിക്കുന്ന വലിയ സാധ്യതയാണ് ഓരോ കുടുംബവും.

## എല്ലാം എനിക്ക് മാത്രം

കുടുംബങ്ങളിലെ അസ്വസ്ഥതകൾക്കൊപ്പം വളരുന്ന മറ്റൊരു അപകടമാണ് ഞാനും എന്റെ കുടുംബവും. എല്ലാ സുഖവും സൗകര്യങ്ങളും എനിക്കും എന്റെ കുടുംബത്തിനും വേണ്ടി മാത്രം എന്ന ചിന്ത. ക്രൈസ്തവ സ്നേഹം എന്നു പറയുന്നത് സ്നേഹം ഉള്ളിൽ മാത്രം ഒതുങ്ങാതെ അതു മറ്റുള്ളവരിലേക്ക്, വ്യക്തമായി പറഞ്ഞാൽ ബന്ധുക്കളെ പരിഗണിക്കുക, അയൽക്കാരുടെ ആവശ്യങ്ങളെക്കുറിച്ച് ബോധം ഉണ്ടാകുക, അവരെ അറിയുക, സഹായത്തിനെത്തുക തുടങ്ങിയ തലങ്ങളിലേക്ക് വളരുന്നതാണ്. ഒരേ സമയം നാം കുടുംബത്തിൽ ശുശ്രൂഷകരും ശുശ്രൂഷിതരുമാണെന്ന് തിരിച്ചറിയുക.

'ഈ ഭൂമിയിലുള്ള എല്ലാ കുഞ്ഞുങ്ങളുടെയും അടുത്ത് വന്നിരിക്കാൻ ദൈവത്തിന് കഴിയാത്തതുകൊണ്ട് അവിടുന്ന് അമ്മമാരെ സൃഷ്ടിച്ചു.'

കാലം മാറിയിരിക്കുന്നു. ശാന്തിയും സന്തോഷവും വ്യാപരിക്കേണ്ട കുടുംബങ്ങളിൽ ഇന്ന് കാറും കോളും നിറഞ്ഞ അന്തരീക്ഷമാണ്. ചില ഭവനങ്ങളിൽ 'സുനാമി' ഏതു സമയത്തും ഉയർന്നുവരാം.

## പലതരം വീടുകളുണ്ട്

കൊട്ടാരസമാനമായ മണിമന്ദിരങ്ങൾ... വയ്ക്കോൽ മേഞ്ഞ പുൽക്കുടിൽ...

ചെറുകൂടാരങ്ങൾ... വൃക്ഷക്കൊമ്പുകളിൽ കെട്ടിയുണ്ടാക്കുന്ന മാടങ്ങൾ.

വലുപ്പമോ പ്രൗഢിയോ അല്ല. ഭവനത്തിനുള്ളിൽ എല്ലാവർക്കും അനുഭവവേദ്യമാകുന്ന സ്നേഹവും കരുതലും സുരക്ഷാബോധവുമാണ് അതിനെ സവിശേഷമാക്കുന്നത്. വീടാണ് ഭൂമിയിലെ പറുദീസ. പക്ഷേ ഭവനങ്ങൾ ഇന്ന് സംഘർഷപൂരിതമാണ്.

പ്രശസ്ത ചിന്തകനും വാഗ്മിയുമായിരുന്ന ബിഷപ്പ് ഫുൾട്ടൻ ഷീൻ പറഞ്ഞു:

'സമൂഹത്തിന്റെ അടിത്തറ കുടുംബമാണ്. ആ അടിത്തറ ഇളകിപ്പോയാൽ സമൂഹം നാശോന്മുഖമാകും.'

മിക്ക കുടുംബങ്ങളിലും ഒന്നോ രണ്ടോ മൂന്നോ കുട്ടികളെയുള്ളുവെങ്കിലും, മാതാപിതാക്കളിന്ന് മറ്റേതൊരു കാലഘട്ടത്തെയുംകാൾ അസ്വസ്ഥരാണ്. മക്കൾ അസന്തുഷ്ടരാണ്. എല്ലാവിധ ആധുനിക സൗകര്യങ്ങളുമുള്ള വീടുകളിൽ പലതും ഹോസ്റ്റലുകൾ പോലെയാണ്. 'കിടക്കാനുള്ള ലോഡ്ജ്'. ഭക്ഷണത്തിനായുള്ള 'ഹോട്ടൽ'. സിനിമയും പാട്ടും സീരിയലും കാണാനുള്ള 'തിയേറ്റർ'. ഇ-മെയിൽ ചാറ്റിങ്ങിനായുള്ള 'ഇന്റർനെറ്റ് കഫേ'. വായനക്കുള്ള 'ലൈബ്രറി. അത്രമാത്രം. അവനവനിസത്തിന്റെയും, അവളവളിസത്തിന്റെയും (Individualism) അന്തരീക്ഷം.

ഇന്നത്തെ മാതാപിതാക്കൾ മറ്റേതൊരു കാലഘട്ടത്തെക്കാളും വിദ്യാസമ്പന്നരാണ്. പക്ഷെ, പലർക്കും ബിരുദമേയുള്ളൂ, കരുതലില്ല. പഠിച്ചു പഠിച്ച് മസ്തിഷ്കം (Brain) വികസിപ്പിച്ച 'അവർ ഹൃദയത്തെ (Heart) നിഷ്കാസനം ചെയ്തു. ഹൃദയമില്ലാത്ത ബുദ്ധിരാക്ഷസന്മാരും പ്രതിഭാശാലികളുമായി. ഹൃദയം കൊണ്ടാണ് ഭവനം കെട്ടിപ്പടുക്കുന്നത്.

## കുട്ടികളുടെ സാന്മാർഗിക പരിശീലനം

തങ്ങളുടെ കുഞ്ഞുങ്ങളുടെ അടിസ്ഥാന വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് മാതാപിതാക്കൾ വിദ്യാലയങ്ങളെയാണ് ആശ്രയിക്കുന്നത്. എന്നാൽ കുഞ്ഞുങ്ങളുടെ സാന്മാർഗിക പരിശീലനം ഒരിക്കലും പൂർണമായും മറ്റുള്ളവരെ ഏല്പിച്ചുകൊടുക്കാനാവില്ല. ഒരു വ്യക്തിയുടെ വൈകാരികവും സാന്മാർഗികവുമായ വികാസം ആദ്യന്തികമായി അവന്റെ അല്ലെങ്കിൽ അവളുടെ മാതാപിതാക്കളെ വിശ്വസിക്കാൻ കഴിയും എന്ന ഒരു സവിശേഷ അനുഭവത്തിലാണ് വേരുറപ്പിച്ചിരിക്കുന്നത്. തങ്ങളുടെ കുഞ്ഞുങ്ങളിൽ വിശ്വാസവും സ്നേഹപൂർണമായ ആദരവും ജനിപ്പിക്കുന്നതിന് വിദ്യാദായകർ എന്ന നിലയ്ക്ക് മാതാപിതാക്കൾ തങ്ങളുടെ വാത്സല്യവും മാതൃകയും കൊണ്ട് ഉത്തരവാദപ്പെട്ടിരിക്കുന്നു എന്ന് ഇതർത്ഥമാക്കുന്നു. തങ്ങളുടെ കുഴപ്പങ്ങൾ കാരണം സ്വന്തം മാതാപിതാക്കൾക്ക് തങ്ങൾ അപ്രധാനരാണെന്നോ തങ്ങളെക്കുറിച്ച് അവർക്ക് ആത്മാർത്ഥമായ ഉത്കണ്ഠയില്ലെന്നോ കുട്ടികൾക്കനുഭവപ്പെട്ടാൽ, പക്വതയിലേക്കുള്ള അവരുടെ പാതയിൽ ഇതു വലിയ ദ്രോഹവും ഒട്ടേറെ പ്രയാസങ്ങളും ഉളവാക്കും. എന്തെങ്കിലും തെറ്റു ചെയ്തതിന് ഒരു കുഞ്ഞിനു കിട്ടിയേക്കാവുന്ന ശകാരത്തേക്കാൾ, ശാരീരികവും വൈകാരികവുമായ ഈ അകൽച്ച കൂടുതൽ ദ്രോഹം ചെയ്യുന്നു.

നല്ല ശീലങ്ങളും നന്മയിലേക്കുള്ള ഒരു സ്വാഭാവിക ചായ്‌വും പോഷിപ്പിച്ചുകൊണ്ട് തങ്ങളുടെ കുഞ്ഞുങ്ങളുടെ ഇച്ഛ രൂപപ്പെടുത്തുന്നതിനു മാതാപിതാക്കൾക്ക് ഉത്തരവാദിത്തമുണ്ട്. വളർച്ചയുടേതായ ഒരു അനുക്രമ പ്രക്രിയയുടെ ഭാഗമായി, ചിന്തയുടെയും പ്രവൃത്തിയുടെയും ചില മാർഗ്ഗങ്ങൾ അഭിലഷണീയവും വിലയുള്ളതും ആയി അവതരിപ്പിക്കുക ഇതിനാവശ്യമാണ്. സമൂഹത്തിൽ ഇണങ്ങിച്ചേരുന്നതിനുള്ള ആഗ്രഹം, അല്ലെങ്കിൽ കൂടുതൽ മെച്ചപ്പെട്ടതും കൂടുതൽ ക്രമാനുസാരിയുമായ ഒരു പൊതുജീവിതത്തിനായി ഒരു താൽകാലികസുഖം വേണ്ടെന്നുവയ്ക്കുന്ന ശീലം, അതിൽത്തന്നെ ഒരു മൂല്യമാണ്. കൂടുതൽ മഹത്തായ മൂല്യങ്ങളോടു തുറവിയുണ്ടാക്കാൻ പോന്നതാണത്. ധാർമ്മിക രൂപീകരണം എപ്പോഴും നടക്കേണ്ടത് സൽക്രിയമാർഗ്ഗങ്ങളിലൂടെയും ശ്രദ്ധവിചാരത്തോടെ പഠിപ്പിക്കുന്ന സംഭാഷണത്തിലൂടെയും, കുഞ്ഞുങ്ങൾക്കു മനസിലാകുന്ന ഒരു ഭാഷ ഉപയോഗിച്ചുമാണ്. ചില മൂല്യങ്ങളും തത്ത്വങ്ങളും മാനദണ്ഡങ്ങളും പരമവും ചോദ്യം ചെയ്യാനാവാത്തതുമായ സത്യങ്ങളായി അടിച്ചേൽപ്പിക്കുന്നതിനേക്കാൾ, അവയുടെ പ്രാധാന്യം കുഞ്ഞുങ്ങൾക്കു തന്നെ അനുഭവത്തിൽനിന്ന് പഠിക്കുവാൻ അനുവദിക്കേണ്ടതാണ്.

## വിശ്വാസ കൈമാറ്റം


കുട്ടികളെ വളർത്തുന്നത്, വിശ്വാസകൈമാറ്റത്തിന്റെ ക്രമാനുസൃതമായ ഒരു പ്രക്രിയ ആവശ്യപ്പെടുന്നു. നിലനിൽപ്പിനുവേണ്ടിമാത്രം ഒട്ടേറെ ജനങ്ങൾ സംഭ്രാന്തമായ ഒരു വേഗം കൈക്കൊള്ളുന്ന ഇന്നത്തെ ലോക



ത്തിന്റെ സങ്കീർണതകളും ജീവിത ശൈലികളും ജോലിസമയങ്ങളും കൊണ്ട് ഇതു ബുദ്ധിമുട്ടായിരിക്കുകയാണ്. ഇങ്ങനെയാണെങ്കിൽപ്പോലും, വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയൽക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി വീട് തുടരണം. ജ്ഞാനസ്നാനത്തിൽ ഇതു തുടങ്ങുന്നു. വിശുദ്ധ അഗസ്തീനോസ് പറഞ്ഞതുപോലെ അവിടെ കുഞ്ഞുങ്ങളെ കൊണ്ടുവരുന്ന അമ്മമാർ "തിരുജനനത്തിൽ സഹകരിക്കുന്നു. അമ്മമാർ കുഞ്ഞുങ്ങളെ കൊണ്ടുവരുന്നു. ആ പുതുജീവിതത്തിലെ വളർച്ചയുടേതായ യാത്ര അങ്ങനെ ആരംഭിക്കുന്നു. ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമാണ് വിശ്വാസം. അതു നമ്മുടെ പ്രവൃത്തിയല്ല. എങ്കിലും അതു വളരുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗ്ഗമാണു മാതാപിതാക്കൾ. അതുകൊണ്ട് "യേശുവിനോ കന്യകാ മാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്ര മാത്രം സ്നേഹമാണുള്ളത്! ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയമാകുന്നു. മാതാപിതാക്കൾ തന്നെ യഥാർത്ഥത്തിൽ ദൈവത്തിൽ ശരണപ്പെടുന്നുവെന്നും അവിടുത്തെ തേടുന്നുവെന്നും തങ്ങൾക്ക് അവിടുത്തെ ആവശ്യമുണ്ടെന്ന് ബോധ്യപ്പെടുന്നുവെന്നതും വിശ്വാസകൈമാറ്റം മുൻകൂട്ടി പ്രതീക്ഷിക്കുന്ന കാര്യങ്ങളാണ്. ഈ വിധത്തിൽ മാത്രമാണ് "തലമുറ തലമുറയോട് അങ്ങയുടെ പ്രവൃത്തികൾ പ്രഘോഷിക്കുന്നത്" (സങ്കീ. 144:4); ഇങ്ങനെ മാത്രമാണ് "പിതാവ് സന്തതികളെ അങ്ങയുടെ വിശ്വസ്തത അറിയിക്കുന്നത്" (ഏശ. 38:19). നമുക്കുതന്നെ ചെന്നെത്താനാവാത്ത ഇടങ്ങളായ അവരുടെ ഹൃദയങ്ങളിൽ പ്രവർത്തിക്കുന്നതിന് നാം ദൈവത്തോട് ആവശ്യപ്പെടണമെന്ന് ഇത് അർത്ഥമാക്കുന്നു. ഒരു കടുകുമണി ചെറുതെങ്കിലും വൻമരമായിത്തീരുന്നു; നമ്മുടെ പ്രവൃത്തികളും അവയുടെ ഫലങ്ങളും തമ്മിലുള്ള അനുപാതരാഹിത്യം കാണുന്നതിന് ഇതു നമ്മെ പഠിപ്പിക്കുന്നുണ്ട്. ദാനമായി ലഭിച്ചത് നമ്മുടെ സ്വന്തമല്ലെന്നും എന്നാൽ അതിന്റെ ശുശ്രൂഷ നമ്മെ ഭരമേല്പിച്ചിരിക്കുകയാണെന്നും നമ്മളറിയുന്നു. എങ്കിലും, നമ്മുടെ സൃഷ്ടിപരമായ പ്രതിബദ്ധത അതിൽത്തന്നെ, ദൈവത്തിന്റെ പദ്ധതിയുമായി സഹകരിക്കുന്നതിന് നമ്മെ പ്രാപ്തരാക്കുന്ന ഒരു ബലിവസ്തുതന്നെയാണ്. ഇക്കാരണത്താൽ "ദമ്പതികളും മാതാപിതാക്കളും വിശ്വാസപരിശീലനത്തിലെ സൽക്രിയകർത്താക്കളെന്ന നിലയിൽ ഉചിതമായി വിലമതിക്കപ്പെടണം.... തങ്ങളുടെതന്നെ കുടുംബത്തിന്റെ സുവിശേഷകർ എന്ന നിലയിൽ സ്വന്തം ദൗത്യത്തെക്കുറിച്ച് ബോധവാന്മാരാകുന്നതിന് യുവമാതാപിതാക്കളെ പരിശീലിപ്പിക്കുന്നതിനുള്ള ഫലപ്രദമായ ഒരു രീതി എന്നനിലയ്ക്ക് കുടുംബ മതബോധനം വലിയ സഹായകമാണ്.

**വിശ്വാസത്തിന്റെ അർത്ഥവും സൗന്ദര്യവും ആസ്വദിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അയൽക്കാരനെ സേവിക്കുന്നതിനും നമ്മൾ പഠിക്കുന്ന ഇടമായി വീട് തുടരണം. ജ്ഞാനസ്നാനത്തിൽ ഇതു തുടങ്ങുന്നു.**





# നല്ല ബന്ധം സ്ഥാപിക്കാനുള്ള ചില കരുതലുകൾ

ഫാ. ഡോ. എ.ആർ. ജോൺ

**വിജ്ഞാനവും, വിവേകവും, വിനയവും വിശുദ്ധിയും കൈമുതലാക്കുക, വിവാഹബന്ധം പറുദീസ സമമാകും.**

സ്വയം അറിയുക. ഏറ്റവും വലിയ അറിവാണിതെന്ന് സോക്രട്ടീസ് സമർത്ഥിക്കുന്നു. സ്വന്തം ജീവിതാവസ്ഥയെക്കുറിച്ചും ജീവിത ലക്ഷ്യത്തെക്കുറിച്ചും വ്യക്തവും, ശക്തവുമായ അറിവ് ഒരാൾക്കുവേണം. അത് ജീവിതത്തിന് ശരിയായ ദിശാബോധം നൽകും.

എന്റെ മുഖം കാണാനുള്ള കണ്ണാടിയാണ് നീ (അപരൻ)എന്ന ബോധ്യത്തിൽ വളരണം. പങ്കാളിയിലൂടെ നിന്റെ മനുഷ്യത്വം നീ തിരിച്ചറിയണം. മനുഷ്യൻ മരമല്ല (മാർക്കോ. 8:24). മറിച്ച് മാംസളമായ ഹൃദയമുള്ള വ്യക്തിയാണ് (എസെ 36:26) മനുഷ്യപ്പറ്റുള്ളയാൾ. അങ്ങനെയെങ്കിൽ മനുഷ്യരോട് മൃഗത്തോടെന്നപോലെയും, വസ്തുക്കളോടെന്നപോലെയും പെരുമാറരുത്. ജീവിത പങ്കാളിയെ നരകമായമല്ല സ്വരക്ഷാനുഭവമായി സ്വീകരിക്കണം.

മനുഷ്യനെ ഒരു രഹസ്യമായി (ഗബ്രിയേൽ മാർസൽ) കാണണം. രഹസ്യം പങ്കുവയ്ക്കാൻ അടുത്തുകൂടണം. സ്വാതന്ത്ര്യവും കൂട്ടായ്മയും, ഊഷ്മളബന്ധവും രൂപമെടുക്കണം. ഞാൻ-നീ ബന്ധത്തിലൂടെ നമ്മളായി വളരുന്ന (മാർട്ടിൻ ബൂബർ) പൂർണതയുടെ ലോകത്തിലേക്ക് ഉയരാൻ കഴിയണം. പരസ്പരം പഴിചാരലും വാദപ്രതിവാദവുമില്ല. അറിയലും, അറിയിക്കലും മാത്രം. അതൊരു അനുഭൂതിയാണ്. ഈ സുഖാനുഭൂതിയിലേക്ക് ജീവിതപങ്കാളിയിലൂടെ എത്തുവാൻ കഴിയും എന്ന ബോധ്യത്തിൽ വളർന്നാൽ വിവാഹജീവിതത്തിൽ സന്തോഷം അനുഭവിക്കാൻ കഴിയും. പങ്കാളിയിലെ കുറവും, ബലഹീനതയും പോരായ്മയും വളർച്ചയും നന്മയുമെല്ലാം എന്റേതായിക്കൂടി കാണാൻ കഴിയുന്ന അവസ്ഥയിലേക്ക് ബന്ധങ്ങൾ വളരണം.

യുവാവിന് സ്വപ്നമുണ്ട്; യുവതിക്കും സ്വപ്നമുണ്ട്. ഒരു ദിവസം കൊണ്ട് ഉണ്ടായതല്ല ഇവ. പലദിവസങ്ങളിൽ, പല ആളുകളിൽ നിന്ന്, പലപ്പോഴായി അവരറിയാതെ കര

സ്ഥമാക്കിയ, ഗുണഗണങ്ങൾ, ശാരീരികഭംഗി മുതലായവ ചേർന്ന, ഒരു സ്വപ്ന പങ്കാളിയെ നെയ്തെടുക്കുന്ന മനസുകൾ ആദ്യമായി അറിയേണ്ടത് ജീവിതം സ്വപ്നമല്ല; ജീവിതം യാഥാർത്ഥ്യമാണെന്നാണ്. സങ്കല്പലോകത്തിലുള്ള ജീവിത പങ്കാളിയുമായുള്ള വിവാഹബന്ധം വേർപെടുത്തുക. ഉയർച്ചയും താഴ്ചയും തല്ലും തലോടലും ദുഃഖവും ആനന്ദവും ഇടകലർന്നതാണ് ജീവിതം എന്നറിയുക. ബൈബിളിലെ സുവർണനിയമം നമ്മെ പഠിപ്പിക്കുന്നത്. "മറ്റുള്ളവർ നിങ്ങളോട് എങ്ങനെ ആയിരിക്കണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവോ നിങ്ങൾ അതാകുക' എന്നതാണ്.

വിവാഹജീവിതത്തിന് അനുയോജ്യമല്ലാത്ത വാക്ക്, പ്രവൃത്തി, മനോഭാവം, ചിന്ത എന്നിവ ഒഴിവാക്കണം. ചേരാത്തതൊക്കെ മുറിച്ചു മാറ്റണം (യോഹ: 15:6) സ്വയം മുറിച്ചുമാറ്റാതെ ജീവിത പങ്കാളിയോട് മുറിച്ചുമാറ്റാൻ ആവശ്യപ്പെടരുത്. മുറിവ് വേദനയാണ്. ജീവിത പങ്കാളിക്കുവേണ്ടി മുറിച്ചു മാറ്റുമ്പോൾ സുഖം തോന്നണം. സ്വയം മുറിവേറ്റുകൊണ്ട് ജീവിത പങ്കാളിക്ക് സുഖം പകരാനുള്ള പക്വതയും പാകതയും ഉണ്ടെങ്കിലേ വിവാഹബന്ധം ദൃഢമാകൂ.

കുലമഹിമയും കുടുംബമഹിമയും സമ്പത്തും സൗന്ദര്യവും ജോലിയുമല്ല ബന്ധങ്ങളെ ശക്തിപ്പെടുത്തുന്നത്. മറിച്ച് ആത്മാർത്ഥമായ സ്നേഹമാണ്.

വിജ്ഞാനവും, വിവേകവും, വിനയവും വിശുദ്ധിയും കൈമുതലാക്കുക, വിവാഹബന്ധം പറുദീസ സമമാകും.

ജീവിത പങ്കാളി പുസ്തകത്തിലെ അറിവും തൽഫലമായ ഡിഗ്രിയും സമ്പാദ്യങ്ങളും മാത്രം ഉന്നം വയ്ക്കുന്ന ആളായാൽ പോര. ജീവിതമാകുന്ന പുസ്തകത്തിന്റെ ജീവിക്കുന്ന വരികൾ കാണാനും വായിക്കാനും വ്യാഖ്യാനിക്കാനും സാധിക്കുന്നയാളായിരിക്കണം. ജീവിതവിജയത്തിന്റെ ഡിഗ്രി സമ്പാദിക്കണം. പരോപകാരി, അനുകമ്പാലു (മത്താ 14:14, 15.32, 18.33) (ലൂക്കാ 10:47) എന്നൊക്കെ മറ്റുള്ളവർ പറയുന്ന ആളായിരിക്കണം. ജീവിക്കുന്ന മനുഷ്യബാങ്കുകളിൽ നിക്ഷേപിക്കാനുള്ള (മത്താ. 10:42, 25:40) വിശാലമനസും ഹൃദയവും വേണം. മാസം തോറുമുള്ള ബജറ്റ് ക്രമീകരിക്കുമ്പോൾ സമൂഹസേവനത്തിനായി സമയവും സമ്പത്തും നീക്കിവയ്ക്കുന്ന ബജറ്റുണ്ടാക്കുന്നയാളുമായിരിക്കണം. "എവിടെയാണോ നിന്റെ നിക്ഷേപം അവിടെയായിരിക്കും നിന്റെ ഹൃദയവും ആനന്ദവും" (മത്താ. 6:21, 12:34) എന്ന വചനം ഓർമ്മിക്കുക.

സ്വന്തം കാലിൽ നിൽക്കാൻ കഴിയുമെന്ന ആത്മവിശ്വാസം ഉള്ളവരും അതനുസരിച്ച് പ്രവർത്തിക്കാൻ കഴിവുള്ളവരുമായിരിക്കണം.

സഹനത്തിന്റെ മദ്ധ്യേയും സത്യസന്ധതയോടുകൂടി ജീവിക്കുന്ന ആളായിരിക്കണം.

സമയോചിതമായ തീരുമാനങ്ങളെടുക്കാനും അതിന്റെ അനന്തരഫലങ്ങളുടെ ഉത്തരവാദിത്വമേല്ക്കാനും കഴിവുള്ളയാളായിരിക്കണം.

ഫ്രാൻസിസ് പാപ്പ പറയുന്നു, "സ്ത്രീയും പുരുഷനും അവരുടെ ദാമ്പത്യസ്നേഹം പ്രകാശിപ്പിക്കാൻ ഉപയോഗിക്കുന്ന ജീവിതശൈലിയിലൂടെയും വസ്തുനിഷ്ഠമായ വാക്കിലൂടെയും ദൈവത്തിന്റെ സ്നേഹം പ്രഘോഷിക്കപ്പെടുന്നു. അങ്ങനെ അവർ രണ്ടുപേരും ഒരുവാക്കുകൊണ്ട്, നോട്ടംകൊണ്ട്, ചുംബനംകൊണ്ട് ആശ്ലേഷംകൊണ്ട് ആശ്വസിപ്പിക്കുന്ന ദൈവസ്നേഹത്തിന്റെ പരസ്പര പ്രതിഫലനങ്ങളാകുന്നു. ഒരു കുടുംബത്തെ രൂപപ്പെടുത്താൻ ആഗ്രഹിക്കുകയെന്നത് ദൈവത്തിനുള്ള സ്വപ്നത്തിന്റെ ഭാഗമാകാൻ, അവിടുത്തോടൊപ്പം സ്വപ്നം കാണുന്നതിന് തീരുമാനമെടുക്കാൻ, അവിടുത്തോടൊപ്പം പണിയുന്നതിന് ആഗ്രഹിക്കാൻ, ഒരുവൻ ഒറ്റയ്ക്കാണെന്ന് തോന്നാതിരിക്കുന്ന ലോകത്തിന്റെ നിർമ്മിക്കലാകുന്ന ഈ അത്ഭുതകഥയിൽ പങ്കുചേരാൻ ശപഥം ചെയ്യുകയെന്നതാണ്." (സ്നേഹത്തിന്റെ സന്തോഷ് നമ്പർ. 321). എല്ലാ കുടുംബ ജീവിതവും കാരുണ്യത്തിലുള്ള ആടുമേയ്ക്കലാണെന്നും ഫ്രാൻസിസ് പാപ്പ. വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. ത്രീത്വത്തിന്റെ പ്രതിഫലനമെന്ന നിലയിലുള്ള സംഘാത്മക സ്നേഹമാണ് കുടുംബത്തിന്റെ ആദ്ധ്യാത്മികാർത്ഥത്തെയും മറ്റുള്ളവരോടുള്ള അതിന്റെ ദൗത്യത്തെയും യഥാർത്ഥത്തിൽ ഐക്യപ്പെടുത്തുന്നത് (സ്നേഹത്തിന്റെ സന്തോഷം നമ്പർ 324).





# ധാർമികത കുടുംബജീവിതത്തിൽ

**ഡോ. എൽ.എ. ജോസഫ് ഫെലിക്സ്**

സൃഷ്ടിയുടെ ആരംഭത്തിൽ തന്നെ ദൈവം സ്ഥാപിച്ചതാണ് കുടുംബം. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും (ഉൽപ്പത്തി 2.18) സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ലായെന്നതുകൊണ്ട് ദൈവം അവന് ചേർന്ന ഇണയെ നൽകി.

അതുപോലെ ദൈവം ഇന്നും വിവാഹമെന്ന കൂദാശയിലൂടെ സ്ത്രീയേയും പുരുഷനേയും (ഭാര്യ, ഭർത്താവ്) ഒന്നാക്കിത്തീർത്ത് കുടുംബത്തെ സ്ഥാപിച്ചു. സന്താനപുഷ്ടിയുള്ളവരായി പെരുകാനും ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവാനും ദൈവം കല്പിച്ചനുഗ്രഹിച്ചു. സകല ജീവികളുടേയും മേൽ ആധിപത്യവും അവർക്ക് നൽകി.

പുരാതന സർപ്പമായ സാത്താന്റെ തിന്മ ഒളിഞ്ഞിരുന്ന കെണിയിൽ (അനുസരണക്കേട്, സ്വാർത്ഥത, കൊതി തുടങ്ങിയവ) അവർ വീണതിലൂടെ ദൈവം നൽകിയ അധികാരവും മഹത്വവും നഷ്ടപ്പെടുത്തി. അതിലൂടെ അവരുടെ ദാമ്പത്യ ജീവിതത്തിൽ പ്രശ്നങ്ങൾ ആരംഭിച്ചു.

വിവാഹമെന്ന കൂദാശ സ്വീകരിക്കുന്നതിനായി തിരുസഭ മൂന്നുകാര്യങ്ങൾ ബോധ്യപ്പെടുത്തി. വിവാഹ ഒരുക്ക ശുശ്രൂഷ നടത്തുന്നു.

1. വിവാഹിതരാകുന്നത് ദൈവത്തിന്റെ പദ്ധതിയിൽ പങ്കാളികളാകാൻ.
2. വിവാഹിതരാകുന്നതിലൂടെ പങ്കാളിയുടെ നന്മയ്ക്കായി പ്രവർത്തിക്കുവാൻ.
3. ദൈവം നൽകുന്ന കുഞ്ഞുങ്ങളെ സ്വീകരിച്ച് ദൈവഹിതമനുസരിച്ച് വളർത്താൻ.

കുടുംബ ജീവിതത്തിലെ ധാർമികത എന്നത് ശുദ്ധമായ മനഃസാക്ഷിയോടെ ദൈവ സ്നേഹത്താൽ പ്രചോദിതമായ പ്രവൃത്തിയും ജീവിത മാർഗവുമാണെന്ന തിരിച്ചറിവാണ്. ദമ്പതികൾക്ക് ഈ അവബോധം ഉണ്ടാകണം.

ശരിയായി രൂപീകരിക്കപ്പെട്ട മനസാക്ഷി നീതിയുക്തവും സത്യസന്ധവുമായിരിക്കും (മതബോധനഗ്രന്ഥം 2039) മനസാക്ഷി പരിശീലനം ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു ധർമ്മമാണ്. അത് സ്വാതന്ത്ര്യം ഉറപ്പുവരുത്തുകയും ഹൃദയ സമാധാനം ജനിപ്പിക്കുകയും ചെയ്യുന്നുവെന്ന് മതബോധനഗ്രന്ഥം 1742. നമ്മെ പഠിപ്പിക്കുന്നു. മനുഷ്യരുടെ മനഃസാക്ഷിയുടെ അഗാധതയിൽ സ്വയം നിക്ഷേപിക്കാത്തതും എന്നാൽ അനുസരിക്കേണ്ടതുമായ ഒരു നിയമം മനുഷ്യഹൃദയത്തിൽ ദൈവത്താൽ ആലേഖനം ചെയ്തിരിക്കുന്നു. "മനസാക്ഷി മനുഷ്യത്വത്തിന്റെ ഏറ്റവും നിഗൂഢമായ ഉള്ളറയും വിശുദ്ധ സ്ഥലവുമാണ്." (മതബോധനഗ്രന്ഥം 1950)

ഒരു വ്യക്തിയുടെ ഹൃദയത്തിൽ സന്നിഹിതമായിരിക്കുന്ന ധാർമ്മിക മനഃസാക്ഷി നന്മ ചെയ്യാനും തിന്മ ഉപേക്ഷിക്കാനും തക്കസമയത്ത് അവ

നോട് കല്പിക്കുന്നു (മ: 1966).

ആ കല്പന നിരസിച്ച് ആത്മപ്രശംസ, അഹങ്കാരം സ്വാർത്ഥത തുടങ്ങിയ തിന്മകൾക്ക് അടിപ്പെടാതിരിക്കുകയാണ് മനഃസാക്ഷി പരിശീലനം കൊണ്ട് ഉദ്ദേശിക്കുന്നത്. ദൈവ വചനം നമ്മുടെ വഴികളിൽ പ്രകാശമാണെന്നും നാം അത് വിശ്വാസത്തിലും പ്രാർഥനയിലും, സ്വാംശീകരിക്കുകയും പ്രയോഗത്തിലാക്കുകയും വേണമെന്നും അങ്ങനെ ധാർമ്മിക മനഃസാക്ഷി രൂപീകരിക്കപ്പെടുമെന്നും മതബോധനഗ്രന്ഥം ഓർമിപ്പിക്കുന്നു.

വിവാഹമെന്ന കൂദാശയിലൂടെ ദമ്പതികൾ ഒന്നായിത്തീരുന്നുവെന്ന് വചനം നമ്മെ പഠിപ്പിക്കുന്നു (മത്തായി 19: 4–7).

ഭർത്താവിന്റെ ശരീരത്തിന്മേൽ അവകാശം ഭാര്യയ്ക്കാണ്. അതുപോലെ തന്നെ ഭാര്യയുടെ ശരീരത്തിന്മേൽ അവകാശം ഭർത്താവിനാണ്. പ്രാർത്ഥനാ ജീവിതത്തിനായി പരസ്പരം സമ്മതിക്കുമ്പോഴല്ലാതെ ഈ അവകാശങ്ങൾ നിഷേധിക്കരുത്. പരസ്പരം നൽകേണ്ട അവകാശങ്ങൾ നിഷേധിക്കുന്നതിലൂടെയാണ് ദാമ്പത്യജീവിതത്തിലെ പ്രശ്നങ്ങൾ ആരംഭിക്കുന്നത്.

എഫേസൂസ് 5:21 മുതലുള്ള വചനങ്ങളിൽ ഭാര്യഭർത്താക്കന്മാരുടെ ഉത്തരവാദിത്വത്തെപ്പറ്റി പൗലോസ് അപ്പസ്തോലൻ നമ്മെ പഠിപ്പിക്കുന്നു.

1. വിധേയത്വം– ഭാര്യമാർ ഭർത്താക്കന്മാർക്ക് വിധേയരായിരിക്കണം.

2. സ്നേഹിക്കണം– ഭർത്താക്കന്മാർ ഭാര്യമാരെ സ്വന്തം ശരീരത്തെയെന്നപോലെ സ്നേഹിക്കണം.

എഫേസൂസ് 5:33 ൽ നാം വായിക്കുന്നു. നിങ്ങളിൽ ഓരോ വ്യക്തിയും തന്നെപ്പോലെ തന്നെ ഭാര്യയെ സ്നേഹിക്കണം. ഭാര്യയാകട്ടെ ഭർത്താവിനെ ബഹുമാനിക്കുകയും വേണം.

വിവാഹമെന്ന കൂദാശയുടെ പൂർത്തീകരണമാണ് ലൈംഗികബന്ധം. മണവറ ബലിവേദിയായി മാറണം. പരസ്പര സമർപ്പണമാണ് അവിടെ വേണ്ടത്. വൈരാഗ്യവും വിദ്വേഷവും, വെറുപ്പും മനസ്സിൽ വച്ചുകൊണ്ടാണ് ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നതെങ്കിൽ ജനിക്കുന്ന കുഞ്ഞുങ്ങളെ ഈ വികാരങ്ങൾ ദോഷകരമായി ബാധിക്കും.

അസ്വാഭാവിക ലൈംഗികബന്ധം ദൈവികപദ്ധതിയുടെ ലംഘനമാണ്.

**കുടുംബ ജീവിതത്തിലെ ധാർമികത എന്നത് ശുദ്ധമായ മനഃസാക്ഷിയോടെ ദൈവ സ്നേഹത്താൽ പ്രചോദിതമായ പ്രവൃത്തിയും ജീവിത മാർഗവുമാണെന്ന തിരിച്ചറിവാണ്. ദമ്പതികൾക്ക് ഈ അവബോധം ഉണ്ടാകണം.**

വിവാഹേതര ലൈംഗികബന്ധം ആറാം പ്രമാണത്തിന്റെയും ഒൻപതാം പ്രമാണത്തിന്റെയും ലംഘനമാണ്.

കൃത്രിമ ജനന നിയന്ത്രണ മാർഗങ്ങൾ സ്വീകരിക്കുന്നതും അധാർമിക മാണ്. കാരണം ദൈവിക പദ്ധതിക്ക് വിരുദ്ധമായി പ്രവർത്തിക്കുകയാണ്.

ചുരുക്കത്തിൽ കുടുംബ ജീവിതത്തിൽ ധാർമികത പാലിക്കുന്നതിന് കുടുംബപ്രാർത്ഥന അത്യാവശ്യമാണ്. ഒന്നിച്ച് പ്രാർഥിക്കുന്ന കുടുംബങ്ങൾ മാത്രമേ നിലനിൽക്കുകയുള്ളൂ.

മാതാപിതാക്കൾ മക്കൾക്ക് മാതൃകയായിരിക്കണം. മാതാപിതാക്കൾ ഇപ്രകാരം ഒരുങ്ങി കുഞ്ഞുങ്ങളെ ശരിയായ പാതയിൽ വളർത്തുകയായിരിക്കണം അവരുടെ ലക്ഷ്യം. മതബോധന പരിശീലനം കുഞ്ഞുങ്ങളെ നേരായ മാർഗത്തിൽ വളരുന്നതിന് ഏറെ സഹായിക്കും.

ഇന്നത്തെ സാഹചര്യത്തിൽ കുഞ്ഞുങ്ങൾക്ക് മതബോധനം നൽകുന്നതിൽ മാതാപിതാക്കൾ ശുഷ്കാന്തി കാണുന്നിക്കുന്നില്ല. പഠനം, ട്യൂഷൻ തുടങ്ങി ഭൗതിക കാര്യങ്ങൾക്ക് പ്രാ



ധാന്യം നൽകി മതബോധന ക്ലാസിന് വിടാതിരിക്കുന്നുണ്ട്. അതിനാൽ അന്യനാടുകളിലേക്ക് ഉന്നത വിദ്യാഭ്യാസത്തിന് പോകുന്ന കുട്ടികൾക്ക് പലർക്കും ധാർമിക ബോധമില്ലാതെ ആത്മനാശപ്രവർത്തികളിലേക്ക് വീണുപോകുന്നു.

കുടുംബത്തിൽ മാതാപിതാക്കൾ, തങ്ങളിൽ ദൈവം ഭരമേൽപ്പിച്ച ദൗത്യത്തെ, ദൈവഹിതത്തെക്കുറിച്ച് പൂർണ ബോധ്യമുള്ളവരാകുവാൻ, ദൈവവചനവും, കൂദാശാ ജീവിതവും വഴി നിരന്തരം പരിശ്രമിച്ചുകൊണ്ട് മക്കളിൽ നിർമ്മല മനസാക്ഷി രൂപപ്പെടുത്തുവാനും അതനുസരിച്ച് ജീവിക്കുവാനും പരിശീലനം നൽകണം.

മക്കളോടുള്ള കടമ, മാതാപിതാക്കളോടുള്ള കടമ, സഹപ്രവർത്തകരോടുള്ള കടമ, ഭൃത്യന്മാരോടുള്ള കടമ എന്നിവയിൽ ഉന്നതമായ ധാർമിക നിലവാരം പുലർത്തിയെങ്കിൽ മാത്രമേ ധാർമിക നിലാരമുള്ള കുടുംബങ്ങളെയും തലമുറയെയും അതിലൂടെ സഭയെയും, സമൂഹത്തെയും നിലനിർത്താൻ സാധിക്കുകയുള്ളൂ.



# കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത

**നിക്സൺ ലോപ്പസ്**

കെട്ടുറപ്പുള്ള കുടുംബം പടുത്തുയർത്തുന്നതിനും നിലനിർത്തിക്കൊണ്ടുപോകുന്നതിനും സാമ്പത്തിക ഭദ്രത ഒരു അടിസ്ഥാന ഘടകമാണ്. ഉപഭോഗ സംസ്കാരം വളർന്ന് വരുന്ന ഈകാലഘട്ടത്തിൽ സമ്പത്തിന്റെ ശരിയായ വിനിയോഗം സാമ്പത്തിക ഭദ്രതയെ വളരെയധികം സ്വാധീനിക്കുന്നു. സ്ഥിരമായ വരുമാനം വലിയൊരു വെല്ലുവിളിയായിരിക്കുന്ന ഈ കാലഘട്ടത്തിൽ കുടുംബത്തിൽ സാമ്പത്തിക അച്ചടക്കം പാലിക്കുക എന്നത് കുടുംബ അംഗങ്ങളുടെ പ്രത്യേകിച്ച് ദമ്പതികളുടെ ഉത്തരവാദിത്തമാണ്.

## വരുമാനം മൊത്തം ചെലവാക്കാനുള്ളതല്ല

കുടുംബത്തിന് ലഭിക്കുന്ന വരുമാനം മൊത്തം ഉടൻ തന്നെ ചെലവഴിക്കാനുള്ളതല്ല എന്ന ബോധ്യം വേണം ചില കമ്പനികളും സ്ഥാപനങ്ങളും പരസ്യങ്ങളിലൂടെയും ഓഫറുകളിലൂടെയും പ്രലോഭിപ്പിച്ച് ചെലവാക്കാൻ പ്രേരിപ്പിക്കുമ്പോൾ ആവശ്യമുള്ളത് മാത്രം വാങ്ങി ഉപയോഗിക്കാൻ നാം പരിശീലിക്കണം. ചെലവാക്കുന്ന കാര്യത്തിൽ മിതത്വം പാലിക്കുന്നത് ഭാവിയിൽ സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിന് സഹായിക്കും.

## സ്ഥിരമായി മിച്ചം വയ്ക്കുന്ന ശീലം വളർത്താം

'സമ്പത്ത്കാലത്ത് തൈ പത്ത് വച്ചാൽ ആപത്തുകാലത്ത് കായ് പത്ത് തിന്നാം' മലയാളികൾക്കെല്ലാം അറിയാവുന്ന ചൊല്ല്. ഇത്പ്രാവർത്തികമാക്കുന്നവർ സാമ്പത്തികമായി വളരും. എല്ലാ മാസവും സ്ഥിരമായി വരുമാനത്തിന്റെ നിശ്ചിത ശതമാനം ഭാവിയിലേക്ക് വേണ്ടി മാറ്റിവയ്ക്കുന്നവർ ഭാവിയിൽ സാമ്പത്തിക സ്വാതന്ത്ര്യം അനുഭവിക്കും. ചിട്ടികളിലോ മറ്റ് ചെറിയ നിക്ഷേപ പദ്ധതികളിലോ ചേർന്ന് കരുതൽ ധനം കരുതിവയ്ക്കുന്നവർക്ക് നാളേയ്ക്കായുള്ള സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കും.

## ജീവിതശൈലി ചെലവുകൾ

മറ്റുള്ളവരുടെ ജീവിതശൈലി കണ്ടിട്ടോ മാത്സര്യബുദ്ധിയോടെ ചെലവഴിച്ചോ ആഡംബര ജീവിതം നയിക്കുന്നവർ കടബാധ്യതകളിൽ ചെന്നുപെടുന്ന സംഭവങ്ങൾ നമുക്ക് ചുറ്റും ധാരാളമുണ്ട്. ഉള്ളതിലധികം മേന്മ കാണിക്കാതെ ജീവിക്കാൻ ശീലിക്കണം. വിവാഹം അടക്കമുള്ള കൂടിച്ചേരലുകൾ ആഡംബര പ്രദർശനത്തിനുള്ള വേദികളാകാതിരിക്കാൻ ശ്രദ്ധിക്കണം.

ജീവിതത്തിലെ സമ്പാദ്യം മുഴുവൻ വീടുവച്ച് തീർക്കുന്നവരുടെ എണ്ണം ഏറിവരികയാണ്. പുറമെ നോക്കുമ്പോൾ അഡംബരത്തിന്റെ അടയാളമായി കാണുന്ന പല വീടുകൾക്കുള്ളിലും സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന കുടുംബങ്ങളുടെ എണ്ണം കൂടിവരുന്നു.

ഇന്നത്തെ കാലത്ത് ലോൺ കിട്ടുന്നത് എളുപ്പമാണ്. തിരിച്ചടയ്ക്കാനുള്ള സാധ്യത നോക്കിമാത്രം ലോൺ എടുക്കാൻ ശ്രമിക്കുക.

ഉള്ളതുകൊണ്ട് സംതൃപ്തിയോടെ വരുമാനമനുസരിച്ച് ചെലവാക്കുകയും കൂടുതൽ വരുമാനമാർഗങ്ങൾ കണ്ടെത്തുന്നതിൽ ഉത്സുകരാവുകയും ചെയ്താൽ സാമ്പത്തിക ഭദ്രതയുള്ള കുടുംബങ്ങൾ കെട്ടിപ്പടുക്കാൻ നമുക്ക് സാധിക്കും.

# ‘കാറ്റിനരികെ’യുമായി രണ്ട് സന്യസ്തവൈദികർ

**ഫാ. സുധീഷ് എ.**




‘കാറ്റിനരികെ’ പ്രൈം റീൽസിലൂടെ പ്രദർശനത്തിനെത്തി. റോയി കാരയ്ക്കാട്ട് എന്ന കപ്പുച്ചിൻ വൈദികന്റെ സംവിധാനത്തിൽ തിരുവനന്തപുരം വലിയവേളി സ്വദേശിയായ ഫാ. ആന്റണിയുടെ കഥയാണ് ഈസ്റ്ററിനെത്തിയ ‘കാറ്റിനരികെ’ എന്ന സിനിമ. സുഹൃത്തുക്കളായ രണ്ടു വൈദികർ പങ്കാളികളായ ഈ മുഴുനീള ഫീച്ചർ ഫിലിം സന്യാസാശ്രമങ്ങളെയും ജീവിതങ്ങളെയും പുതിയ വെളിച്ചത്തിൽ കാണാൻ പ്രേരിപ്പിക്കുന്നു. എന്താണ് സന്യാസ ജീവിതമെന്ന് ഇനിയും തീർച്ചയില്ലാത്ത ഏതാനും മനുഷ്യരുടെ അഭിപ്രായങ്ങൾ മാത്രം വെച്ച് സന്യാസ ജീവിതങ്ങളെ ഫ്രെയ്മിലാക്കുന്നതായിരുന്നു ഇതു വരെയുള്ള നമ്മുടെ രീതി. എന്നാൽ സുവിശേഷത്തെ കലർപ്പില്ലാതെ മനോഹരമായി പ്രഘോഷിക്കുന്ന ഇത്തരം പുതിയ മുന്നേറ്റങ്ങളെ ഇനി നമുക്കാഘോഷിക്കാം. കലയും, സംഗീതവും, നാടകവും, സാഹിത്യവുമൊന്നും ഒട്ടും അപരിചിതമല്ലാത്ത കാപ്പിപ്പൊടിയച്ചന്മാരുടെയും സന്യാസവൈദികരുടെയും ലോകത്ത് നിന്നാണ് ഈ പുതിയ സിനിമയുടെ സംരംഭം. ഈയടുത്തനാളിൽ കേരളസാഹിത്യ അക്കാദമി അവാർഡ് നേടിയ ബോബി ജോസച്ചനും, ജോസഫ് പുത്തൻ പുരയ്ക്കലച്ചനുമൊക്കെയുള്ള ഫ്രാൻസിസ്കൻ സന്യാസ സഭയിൽ നിന്നാണ് ഫാ. റോയിയും, ഫാ. ആന്റണിയുമെത്തുന്നത്. സന്യാസാശ്രമങ്ങളേയും സന്യാസിമാരേയും കഥപറച്ചിലിനിടയിലെ അനാവശ്യമായ വെറും ഹാസ്യപര്യായങ്ങളായി തരം താഴ്ത്തുന്ന ഇന്നത്തെ സിനിമകളുടെ മുമ്പിൽ അവഗണിക്കാനാവാത്ത സാന്നിദ്ധ്യമായ് തീരുകയാണ് ഈ വൈദികർ.


*ഫാ. റോയി*


*ഫാ. ആന്റണി*

44-ാമത് ഫിലിംക്രിട്ടിക്സ് അവാർഡിൽ നവാഗത സംവിധനത്തിനുള്ള പ്രത്യേക ജൂറി പുരസ്കാരം സിനിമയ്ക്ക് ലഭിച്ചതോടെ സിനിമാസ്വാദകർ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഒന്നായി ‘കാറ്റിനരികെ’ എന്ന സിനിമ. റോയി അച്ചനേയും ആന്റണി അച്ചനെയും കൂടാതെ , സ്മിറിൻ സെബാസ്റ്റ്യൻ തിരക്കഥയെഴുതി, വിഷാൽ ജോൺസൻ ഗാനരചനയും, നോബിൾ പീറ്റർ സംഗീതവും വിശാഖ് രാജേന്ദ്രൻ എഡിറ്റിങ്ങും, സിനിമാട്ടോഗ്രാഫി ഷിനൂബ് ടി. ചാക്കോയും നിർവ്വഹിച്ചിരിക്കുന്നു. രണ്ടര മണിക്കൂർ ദൈർഘ്യമുള്ള ഈ ചിത്രത്തിന്റെ ചിത്രീകരണം വാഗമണ്ണിലാണ് പൂർത്തിയാക്കിയത്. പ്രശസ്ത സിനിമാതാരം അശോകനാണ് നായകൻ.



സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കുലശേഖരം കോൺഫറൻസിൽ നിന്നും തയ്യൽ മെഷീനുകൾ സ്വീകരിച്ചവർ ഫാ. സുരേഷ് പയസ്, ഡി. ഫ്രാൻസിസ്, ഡയനേഷ്യസ് പെരേര, ഡോൺ ബോസ്കോ എന്നിവരോടൊപ്പം

# തയ്യൽ മെഷീനുകൾ വിതരണം ചെയ്തു

തിരുവനന്തപുരം: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പേരൂർക്കട ഏരിയ കൗൺസിലിൻ കീഴിലുള്ള കുലശേഖരം സെന്റ് ആന്റണീസ് കോൺഫറൻസിൽ പത്ത് നിർധനർക്ക് തയ്യൽ മെഷീനുകൾ വിതരണം ചെയ്തു. പള്ളി ഹാളിൽ വച്ച് കോൺഫ്രസ് പ്രസിഡന്റ് ഏഞ്ചിലസ് യേശുദാസിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. സുരേഷ് പയസ് ഉദ്ഘാടനം ചെയ്തു. സി.സി. പ്രസിഡന്റ് ഡി. ഫ്രാൻസിസ്, വൈസ് പ്രസിഡന്റ് ഡയനേഷ്യസ് പെരേര, പ്രോജക്ട് ഓഫീസർ ഡോൺ ബോസ്കോ, ഏരിയ കൗൺസിൽ പ്രസിഡന്റ് അനീറ്റ റോയ് എന്നിവർ പ്രസംഗിച്ചു. കോൺഫറൻസ് ട്രഷറർ അൽഫോൺസ് പ്രോജക്ട് റിപ്പോർട്ട് അവതരിപ്പിച്ചു. കോൺഫറൻസ് ജോയിന്റ് സെക്രട്ടറി ബനഡിക്ട് രാജ് സ്വാഗതവും ബ്രദർ സാംസൺ നന്ദിയും പറഞ്ഞു.

# വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു

തിരുവനന്തപുരം: സെന്റ് വിൻസന്റ് ഡിപോൾ സൊസൈറ്റി ലാറ്റിൻ സെൻട്രൽ കൗൺസിൽ വിവിധ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. ഒസാനാം കാരുണ്യ ഭവൻ ഹാളിൽ സി.സി. പ്രസിഡന്റ് ഡി. ഫ്രാൻസിസിന്റെ അധ്യക്ഷതയിൽ കൂടിയ പൊതുയോഗം സീനിയർ വൈസ് പ്രസിഡന്റ് ആർ. സഖറിയാസ് ഉദ്ഘാടനം ചെയ്തു. വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത് മെമ്പർ വിജയ് പ്രതാപ് മുഖ്യാതിഥിയായി പങ്കെടുത്തു. കുമാരി ജിജി മേരി, വൈസ് പ്രസിഡന്റുമാരായ ഡയനേഷ്യസ് പെരേര, ആൽബർട്ട് എന്നിവർ പ്രസംഗിച്ചു.



സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ വിവിധ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ സീനിയർ വൈസ് പ്രസിഡന്റ് ആർ. സക്കറിയാസ് വിതരണം ചെയ്യുന്നു


ഏപ്രിൽ 2021 ജീവനും വെളിച്ചവും 16



**സന്യസ്തരുടെ അജപാലന പദ്ധതിക്ക് തുടക്കംകുറിച്ച് ബിഷപ്പ് ഡോ. ക്രിസ്തുദാസ് പ്രസംഗിക്കുന്നു**

# 'ഞങ്ങളുണ്ട് കൂടെ...' സന്യസ്തരുടെ അജപാലന പദ്ധതിക്ക് തുടക്കമായി

തിരുവനന്തപുരം: ഫ്രാൻസിസ്സ് പാപ്പ 2021-2022 കുടുംബവർഷമായി പ്രഖ്യാപിച്ചതിന്റെ പശ്ചാതലത്തിൽ കുടുംബങ്ങളുടെ വീണ്ടെടുപ്പിനുതകുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സഹായിക്കുന്ന "ഞങ്ങളുണ്ട് കൂടെ എന്ന അജപാലനപദ്ധതി" തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽ കുടുംബശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ തുടക്കം കുറിച്ചു. സന്യസ്തർ നിശ്ചിത ദിവസങ്ങളിലും സമയങ്ങളിലും കൃത്യമായും തുടർച്ചയായും അവർ ആയിരിക്കുന്ന ഇടവകകളിലെ കുടുംബങ്ങൾ സന്ദർശിക്കുകയും അവർക്ക് വേണ്ട അജപാലന കർമ്മം നടത്തുന്നതുമാണ് പദ്ധതി.

അതിരൂപതയിലെ എല്ലാ കോൺവന്റുകളിലെയും സന്യസ്തർ ക്രിസ്തുദാസ് ബിഷപ്പിന്റെയും കുടുംബശുശ്രൂഷ ഡയറക്ടർ ഫാ. എ ആർ ജോണിന്റെയും സാന്നിദ്ധ്യത്തിൽ ഒത്തുകൂടുകയും അതിരൂപതയിലെ ഇടവകകളിൽ ഞങ്ങളുണ്ട് കൂടെ.. എന്ന അജപാലന പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയായിരുന്നു.

സന്യസ്തരുടെ കൂടിവരവിൽ സതീഷ് കുടുംബപ്രേഷിത ശുശ്രൂഷയുടെ കർമ്മപദ്ധതികളെക്കുറിച്ചും അജിത് പെരേര, ആഗ്നസ് ബാബു എന്നിവർ സന്യസ്തർ കുടുംബസന്ദർശനം നടത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും അനുഭവങ്ങൾ പങ്കുവച്ചു. കുടുംബ ശുശ്രൂഷ ഡയറക്ടർ ഫാ. ഡോ. എ ആർ ജോൺ പദ്ധതിയുടെ ലക്ഷ്യവും ദൗത്യവും എന്തായിരിക്കണമെന്ന് വിശദീകരിച്ചു. ബിഷപ്പ് ഡോ. ക്രിസ്തുദാസിന്റെ അനുഗ്രഹ പ്രഭാഷണത്തോടെ സമ്മേളനം സമാപിച്ചു.

# കുടുംബ പ്രേഷിത അതിരൂപതാ സമിതികൾക്ക് രൂപം നൽകി

തിരുവനന്തപുരം: കുടുംബപ്രേഷിത ശുശ്രൂഷ അതിരൂപത സമിതിക്കും പ്രോലൈഫ് അതിരൂപത സമിതിക്കും രൂപം നൽകി. അതിരൂപത സമിതി കൺവീനറായി വി തോമസ് (അഞ്ചുതെങ്ങ് ഫെറോന), ജോയിന്റ് കൺവീനറായി അനീറ്റ റോയി (പാളയം ഫെറോന), സെക്രട്ടറിയായി ശാലിനി (പേട്ട ഫെറോന), ജോയിന്റ് സെക്രട്ടറി മേരി ഷൈജ (പുതുകുറിച്ചി ഫെറോന) എക്സിക്യൂട്ടീവ് അംഗങ്ങളായി സുനി എസ് പെരേര (കഴക്കൂട്ടം ഫെറോന), ജോയി സ്റ്റീഫൻ (കോവളം ഫെറോന), ഫ്രാൻസിസ്സ് സേവ്യർ (പുല്ലുവിള ഫെറോന), ജസ്സ് ലറ്റ് (തുത്തൂർ ഫെറോന), ബ്രിട്ടോ സൈമൺ (വലിയതുറ ഫെറോന) എന്നിവരെയും അതിരൂപത പ്രോലൈഫ് സമിതി കൺവീനറായി ബിജു ഫ്രാങ്ക്ളിൻ (പുതുകുറുച്ചി ഫെറോന), ജോയിൻ കൺവീനറായി ബനഡിക്ട ജറാൾഡ് (പാളയം ഫെറോന), സെക്രട്ടറിയായി റീന സ്റ്റെല്ലസ് (പുല്ലുവിള ഫെറോന), ജോയിന്റ് സെക്രട്ടറി ശാലിനി (തുത്തൂർ ഫെറോന) എക്സിക്യൂട്ടീവ് അംഗങ്ങളായി സുമ ബിനു (അഞ്ചുതെങ്ങ് ഫെറോന), സോണിയ (കോവളം ഫെറോന), ബന്നറ്റ് (പേട്ട ഫെറോന), സോണി ജസ്റ്റിൻ (വലിയതുറ ഫെറോന) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. സെന്റ് ജിയന്ന ഹാളിൽ ചേർന്ന കുടുംബപ്രേഷിത ശുശ്രൂഷ അതിരൂപതാ സമിതി യോഗമാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്.



# നീർച്ചാലുകൾ

## ഞായറാഴ്ച വിചിന്തനങ്ങൾ

നീർച്ചാലുകൾ

റവ. ഫാ. തോമസ് ജെ. നെറ്റോ

പെസഹാകാലം രണ്ടാം ഞായർ (ഏപ്രിൽ 11)

# നമുക്ക് സാക്ഷ്യമാകാം

അപ്പോ. 4:32-35 | 1 യോഹ. 5: 1-6 | യോഹ. 20: 19-31



ഉത്ഥിതനായ യേശുനാഥൻ തന്നിൽ വിശ്വസിക്കുന്നവരുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നവനാണ്. ആർക്കും നിസംഗതയോടെ നിഷ്ക്രിയരായി തുടരാനാവില്ല. ആദിമ ക്രൈസ്തവ സമൂഹം ഇതിന്റെ മനോഹരമായ ഒരു ദൃഷ്ടാന്തമാണ്.

ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് വീണ്ടും പ്രത്യക്ഷനായി. അവരാകട്ടെ യഹൂദരെ ഭയന്ന് വാതിലുകൾ അടച്ചിരിക്കുകയായിരുന്നു. ഉത്ഥിതൻ അവർക്ക് നൽകിയ ആദ്യ സമ്മാനം 'നിങ്ങൾക്ക് സമാധാനം' എന്നായിരുന്നു. തുടർന്ന്, അവിടുന്ന തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. ഉത്ഥിതന്റെ തിരുമുറിവുകളുടെ ആ കാഴ്ച ശിഷ്യർക്ക് സ്നേഹം ത്യാഗമായതിന്റെ ഓർമ്മ പുതുക്കലായി. പീഡാനുഭവങ്ങളിലൂടെയും കുരിശു മരണത്തിലൂടെയും കടന്നുപോയ തങ്ങളുടെ പ്രിയ ഗുരുവിനെ ഉത്ഥിതനിൽ അവർ തിരിച്ചറിഞ്ഞു. അത് അവരിൽ ഉണർത്തിയത് ആനന്ദമാണ്. "കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു." ഈ സന്തോഷമാണ്, ഹൃദയാനന്ദമാണ് ഉത്ഥിതൻ ശിഷ്യന്മാർക്ക് നൽകിയ രണ്ടാമത്തെ സ്നേഹ സമ്മാനം.

മാനവരാശിക്ക്, ഈ ലോകത്തിന് രക്ഷപകരാൻ അയയ്ക്കപ്പെട്ടവനായിരുന്നു യേശു. തന്റെ ജീവിതത്തിലൂടെയും പ്രബോധനങ്ങളിലൂടെയും ശുശ്രൂഷകളിലൂടെയും ഏറ്റവും ഒടുവിൽ പിഡാനുഭവത്തിലൂടെയും കുരിശ് മരണത്തിലൂടെയും ഉയിർപ്പിലൂടെയും യേശു അത് പൂർത്തിയാക്കി. പക്ഷേ, ആ രക്ഷയുടെ അനുഭവം എല്ലാക്കാലത്തേയും ആളുകൾക്ക് എന്നും എപ്പോഴും സംലഭ്യമാകണമെന്ന് യേശു ആഗ്രഹിച്ചു. ആ ഉത്തരവാദിത്വം അവിടുന്ന് തന്റെ ശിഷ്യന്മാർക്ക് നൽകുന്നു. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു." ഉത്ഥിതൻ ശിഷ്യർക്ക് നൽകുന്ന മൂന്നാമത്തെ സമ്മാനം ഒരു ദൗത്യമാണ്, യേശുവിന്റെ തന്നെ ദൗത്യം തുടരുക. അതിനുള്ള ശക്തി നാലാമത്തെ സമ്മാനമായി അവൻ അവർക്ക് നൽകി. ഉത്ഥിതൻ ശിഷ്യരുടെ മേൽ നിശ്വസിച്ചുകൊണ്ട് പറഞ്ഞു: 'നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ.'

ഉത്ഥിതനായ യേശുനാഥൻ തന്നിൽ വിശ്വസിക്കുന്നവരുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നവനാണ്. ആർക്കും നിസംഗതയോടെ നിഷ്ക്രിയരായി തുടരാനാവില്ല. ആദിമ ക്രൈസ്തവ സമൂഹം ഇതിന്റെ മനോഹരമായ ഒരു ദൃഷ്ടാന്തമാണ്. ഇന്നത്തെ ആദ്യ വായന ആദിമ ക്രിസ്തുവിശ്വാസികളുടെ ജീവിത ശൈലിയെ എടുത്തുകാണിക്കുന്നു: അവർ ഒരു ഹൃദയവും ഒരു മനസും ഉള്ളവരായിരുന്നു. തങ്ങൾക്കുള്ളതെല്ലാം പൊതു സ്വത്തായി അവർ കരുതി. അവരുടെ ഇടയിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ ആരും ഉണ്ടായിരുന്നില്ല. ഓരോരുത്തരുടെയും ആവശ്യമനുസരിച്ച് ഉള്ള വിഭവങ്ങൾ വിതരണം ചെയ്യപ്പെട്ടു. അപ്പസ്തോലന്മാർ യേശുവിന്റെ പുനരുത്ഥാനത്തിന് വലിയ ശക്തിയോടെ സാക്ഷ്യം നൽകി.

"വിശപ്പ് രഹിത ഇടവക", 'വിശപ്പ് രഹിതകേരളം" തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തപ്പെടുന്ന ഒരു കാലഘട്ടത്തി

ലാണ് നാം ഇപ്പോൾ. എക്കാലത്തേയും സഭയ്ക്കും സമൂഹത്തിനും മാതൃകയും പ്രചോദനവും ഒപ്പം വെല്ലുവിളിയുമാണ് ആദിമ ക്രൈസ്തവ സമൂഹം.

ഉയിർപ്പ് തിരുനാൾ ആഘോഷിച്ച നമുക്ക് ഉത്ഥിതനായ യേശുനാഥന്റെ സ്വരം ശ്രവിക്കാം. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു". ഇന്ന്, പല കാരണങ്ങളാൽ ഭയചകിതരായി കഴിയുന്ന ധാരാളം വ്യക്തികളും കുടുംബങ്ങളും ചെറു സമൂഹങ്ങളും നമുക്കിടയിലുണ്ട്. ഇന്ന്, ജീവിത വാതിലുകൾ ഭാഗികമായോ പൂർണമായോ അടഞ്ഞുപോയവരുടെയും അടച്ചിരിക്കുന്നവരുടെയും അരികിലെത്താൻ, നടുവിലെത്താൻ ഉത്ഥിതൻ നമ്മെ വിളിക്കുന്നു. സാന്നിധ്യം കൊണ്ടും സ്നേഹ ശുശ്രൂഷകളിലൂടെയും അവർക്ക് ഉത്ഥിതനായ യേശു നൽകിയപോലെ സമാധാനവും സന്തോഷവും പരിശുദ്ധാത്മാവിന്റെ ശക്തിയും പകരാൻ നമുക്ക് കഴിയണം. അതിന് നിരന്തരം പ്രചോദിതമാകാൻ വിശ്വാസ ഉറവിടങ്ങളിലേക്കുള്ള ഒരു മടക്കയാത്ര നമുക്കിന്ന് ആവശ്യമാണ്.

ആദിമക്രൈസ്ത സമൂഹത്തിൽ നിറഞ്ഞുനിന്ന, സ്നേഹത്തിൽ നിന്ന് ഉറവയെടുക്കുന്ന ആഴമായ ഒരു കൂട്ടായ്മ അനുഭവത്തിലൂടെയും പരസ്പരമുള്ള സേവനത്തിലൂടെയും ദരിദ്രരോടുള്ള പ്രത്യേക കരുതലിലൂടെയും പരിഗണനയിലൂടെയും മാത്രമേ, ഇന്ന്, ഉത്ഥിതനായ യേശുവിന് സാക്ഷമേകാൻ നമുക്ക് കഴിയുകയുള്ളൂ.

പെസഹാകാലം മൂന്നാം ഞായർ (ഏപ്രിൽ 18)

## നീർച്ചാലുകൾ

റവ. ഡോ. ലോറൻസ് കുലാസ്

# ഉത്ഥാനം: വിശ്വാസത്തിന്റെ അടിസ്ഥാനം

അപ്പോ. 3:13-15, 17-19 | 1 യോഹ. 2: 1-5 a | ലൂക്കാ. 24: 35-48



ഉയിർത്തെഴുന്നേറ്റ തന്നിലുള്ള വിശ്വാസത്തിലേക്കു ശിഷ്യരെ നയിച്ചതിന് ശേഷം തിരുവചനത്തിന്റെ വ്യാഖ്യാനത്തിലൂടെ ശിഷ്യരെ യേശു ബലപ്പെടുത്തുന്നു. പരസ്യജീവിതകാലത്ത് താൻ ശിഷ്യരോട് പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ അർത്ഥം ഗ്രഹിക്കുന്നതിലൂടെയാണ് ശിഷ്യർ പ്രബുദ്ധരാകേണ്ടതെന്ന് യേശു ആഗ്രഹിക്കുന്നു.

യേശു ജെറുസലേമിൽ ആയിരിക്കുന്ന പതിനൊന്ന് ശിഷ്യർക്ക് പ്രത്യക്ഷപ്പെടുന്നു (24:36-48). എമ്മാവൂസിൽ നിന്ന് മടങ്ങിയ ശിഷ്യരിൽ നിന്ന് യേശു അവർക്ക് പ്രത്യക്ഷപ്പെട്ട അനുഭവം കേൾക്കുന്ന വേളയിൽ അവിടുന്ന് ശിഷ്യർക്ക് (11 പേർക്ക്) പ്രത്യക്ഷപ്പെട്ടുകൊണ്ട് അവർക്ക് സമാധാനം ആശംസിക്കുന്നു. യേശുവിന്റെ പ്രത്യക്ഷപ്പെടൽ ശിഷ്യരിൽ ഉളവാക്കിയത് അമ്പരപ്പും ഭയവുമായിരുന്നു. തങ്ങൾ ദർശിക്കുന്നത് ഭൂതത്തെയാണോ എന്ന് പോലും അവർ സംശയിച്ചു. അവരുടെ സംശയ നിവാരണമെന്നോണം യേശു രണ്ട് തെളിവുകൾ നല്കുന്നു. ഒന്ന്, യേശു തന്റെ കരങ്ങളും കാലുകളും പരിശോധിക്കുവാൻ ശിഷ്യരെ ക്ഷണിക്കുന്നു (24:39). ഇതിന് സമാന്തരമായ ഒരു വിവരണം യോഹന്നാൻ സുവിശേഷകൻ നല്കുന്നുണ്ട് (യോഹ 20:20,25,27). അവിടെ തന്റെ കൈകളിലേയും പാർശ്വത്തിലെയും മുറിവുകൾ പരിശോധിക്കുവാനാണ് ക്ഷണം. എന്നാൽ ഇവിടെ മുറിവുകളെ - ആണിപ്പഴുതുകളെ - സംബന്ധിച്ച സൂചനയില്ല. യേശുവിന്റെ പീഢാനുഭവ വിവരണത്തിലും ലൂക്കാ (അധ്യായം 23) ആണിപ്പഴുതുകളുടെ സൂചന നല്കുന്നില്ല. താൻ ഒരു ഭൂതമല്ലെന്നും വസ്ത്രങ്ങളാൽ ആവരണം ചെയ്യപ്പെടാത്ത കൈകളും കാലുകളും പച്ചയായ ഒരു മനുഷ്യന്റെതാണെന്നും ശിഷ്യരെ ബോധ്യപ്പെടുത്തുവാനാണ് യേശു ശ്രമിക്കുന്നത്. രണ്ട്, യേശു അവരുടെ മുമ്പിലിരുന്നു ഭക്ഷിക്കുന്നു (24:40). ഉത്ഥിതനായ യേശു ശിഷ്യരുടെ മുന്നിൽ വച്ച് വറുത്ത മീൻ കഴിക്കുന്നതിലൂടെ താൻ ഒരു ഭൂതമല്ലെന്നു (24:37) തെളിയിക്കുന്നു. മീൻ ഭക്ഷിക്കുന്നതിന്റെ പിന്നിൽ ഉയിർത്തെഴുന്നേറ്റ യേശുവിലുള്ള വിശ്വാസത്തിലേയ്ക്ക് ശിഷ്യരെ നയിക്കുക എന്ന ലക്ഷ്യമാണുള്ളത്. എമ്മാവൂസ് യാത്ര മധ്യേ ഉണ്ടായ വിരുന്നിലും (24:29-30) അയ്യായിരം പേർക്ക് വിളമ്പിയ വിരുന്നിലും (9:12-17) ദിവ്യബലിയുടെ മുന്നാസ്വാധനമാണ് ലൂക്കാ നല്കുന്നത്.

ഉയിർത്തെഴുന്നേറ്റ തന്നിലുള്ള വിശ്വാസത്തിലേക്കു ശിഷ്യരെ നയിച്ചതിന് ശേഷം തിരുവചനത്തിന്റെ വ്യാഖ്യാനത്തിലൂടെ ശിഷ്യരെ യേശു ബലപ്പെടുത്തുന്നു. പരസ്യജീവിതകാലത്ത് താൻ ശിഷ്യരോട് പറഞ്ഞിട്ടുള്ള കാര്യങ്ങളുടെ അർത്ഥം ഗ്രഹിക്കുന്നതിലൂടെയാണ് ശിഷ്യർ പ്രബു

ദ്ധരാകേണ്ടതെന്ന് യേശു ആഗ്രഹിക്കുന്നു. ആ കാലഘട്ടത്തിലെ തന്റെ പ്രബോധനങ്ങളുടെ ആകെതുക പീഡാനുഭവ വിവരങ്ങളാണ് (9:22,44; 13:33; 17:25; 18:31-33). പഴയനിയമത്തിൽ - തോറ, നബീം, കെത്തുബീം - അടങ്ങിയിരിക്കുന്ന വസ്തുതകളെല്ലാം തന്റെ പീഡാനുഭവവും മരണവും ഉത്ഥാനവും സാധ്യമാക്കുന്ന രക്ഷയുടെ സൂചനയാണ് നല്കുന്നതെന്ന് യേശു ശിഷ്യരെ ഓർമ്മപ്പെടുത്തുന്നു. തന്റെ മരണത്തിലും ഉത്ഥാനത്തിലും നിറവേറിയവയുടെ വെളിച്ചത്തിൽ യേശു വിശുദ്ധ ലിഖിതങ്ങൾ മുഴുവനും സംഗ്രഹിക്കുന്നു. "ക്രിസ്തു സഹിക്കുകയും മൂന്നാം ദിവസം മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്യണം" (24:46) എന്ന ഒറ്റവാക്യത്തിൽ യേശു പഴയനിയമം മുഴുവനും ക്രോഡീകരിക്കുന്നു. യേശുവിന്റെ പീഡാനുഭവവും മരിച്ചവരിൽനിന്നുള്ള ഉയിർപ്പും വ്യക്തമാക്കാൻ ഒറ്റപ്പെട്ട സംഭവങ്ങൾ പഴയനിയമഗ്രന്ഥത്തിൽ കണ്ടുപിടിക്കാൻ ശ്രമിക്കുന്നത് പാഴ്‌വേലയാണ്. പഴയനിയമത്തെ പൂർണ്ണമായും ക്രിസ്തുസംഭവം വിവരിക്കുന്ന ഗ്രന്ഥമായി കാണുവാനാണ് ലൂക്കായിലെ യേശു ശിഷ്യരെ പ്രബുദ്ധരാക്കുന്നത്.

വേദഗ്രന്ഥത്തിന്റെ ആധികാരികതയിൽ നിന്നും യേശുവിന്റെ മരണവും ഉത്ഥാനവും മാത്രമല്ല ലൂക്കാ പ്രസ്പഷ്ടമാക്കുന്നത്; ഒപ്പം സർവ്വ ജനതയോടുമുള്ള ശിഷ്യരുടെ ദൗത്യനിർവ്വഹണവും കൂടിയാണ് (24:47-48). ശിഷ്യരുടെ ദൗത്യനിർവ്വഹണവുമായി ബന്ധപ്പെട്ട് വേദഗ്രന്ഥത്തിൽ നിന്ന് പ്രത്യേക പരാമർശം ലൂക്കാ നല്കുന്നില്ല. എങ്കിൽപോലും പാപപരിഹാരാർത്ഥം യേശുനാമത്തിൽ പശ്ചാത്താപം പ്രസംഗിക്കുന്ന ശുശ്രൂഷ വിശുദ്ധ ലിഖിത പശ്ചാത്തലത്തിൽ വീക്ഷിക്കപ്പെടണമെന്ന് ലൂക്കാ സുവിശേഷകൻ അനുമാനിക്കുന്നു. ഇവിടെ ശിഷ്യരുടെ ദൗത്യത്തിന് പിൻബലമേകാൻ പഴയനിമ ഉദ്ധരണികൾ വേണമെന്ന് ആഗ്രഹിച്ചാൽ ഏശയ്യ 49:6 ൽ "എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നല്കും" എന്ന പ്രവചനം സ്വീകരിക്കാവുന്നതാണ്. എന്നാൽ സുവിശേഷകൻ ആഗ്രഹിക്കുന്നത് യേശുവിൽ സംഭവിക്കുന്ന എല്ലാം തന്നെ വേദഗ്രന്ഥപ്രവചനങ്ങളുടെ പൂർത്തീകരണമായി കാണുവാനാണ്: "മനുഷ്യപുത്രനെപ്പറ്റി പ്രവാചകന്മാർ വഴി എഴുതപ്പെട്ടതെല്ലാം പൂർത്തിയാകും" (18:31). മറ്റുവാക്കുകളിൽ ക്രിസ്തുവിന്റെ ഭാഗധേയം പഴയനിയമപ്രവചനത്തിൽ നിഴൽ വീശിനിന്നതുപോലെ, അവിടുത്തെ നാം പ്രഘോഷിക്കുക എന്നതും തിരുവെഴുത്തുകളിൽ വേരോടി നില്ക്കുന്നു.

നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിലാണ്. ഉത്ഥിതൻ ഭരമേൽപ്പിച്ച ദൗത്യം തുടരുക എന്നതാണ് വിശ്വാസികളായ നമ്മുടെ ഓരോരുത്തരുടെയും കർത്തവ്യം. അതിനായി കർമ്മനിരതരാകാം!

പെസഹാക്കാലം നാലാം ഞായർ (ഏപ്രിൽ 25)

നീർച്ചാലുകൾ

ഫാ. ഇമ്മാനുവേൽ

# ജീവൻ നൽകുന്ന ഇടയനും സ്വരം ശ്രവിക്കുന്ന ആടുകളും

അപ്പോ. 4:8-12 | 1 യോഹ. 3: 1-2 | യോഹ. 10: 11-18



ശ്രദ്ധയില്ലാത്ത ഇടയൻ ചെന്നായ്ക്കൾക്ക് വിശിഷ്ടമായ വിരുന്നൊരുക്കുന്നു; എന്നാൽ, കരുതലുള്ള ഇടയൻ ആടുകൾക്കായ് സ്വയം ബലിയായിത്തീരുന്നു....

പഴയനിയമത്തിൽ, ഇടയൻ എന്നത് ദൈവത്തിന്റെ ഭാവാർത്ഥം അഥവാ രൂപകമാണ്. ഉൽപ 48:15-ൽ ഇന്നുവരെ തന്റെ ജീവിതകാലം മുഴുവൻ ഇടയനായിരുന്ന ദൈവത്തെക്കുറിച്ച് യാക്കോബ് വാചാലനാകുന്നു... ഉൽപ 49:24 ൽ ഇസ്രായേലിന്റെ പാറയായ ഇടയനാണ് ദൈവമെന്ന് കാണാം......സങ്കീർ. 23:1 ൽ ദാവീദ് പാടുന്നതുതന്നെ- കർത്താവാണ് എന്റെ ഇടയൻ എന്നല്ലേ...... സങ്കീർ 28:9 ൽ ദാവീദിന്റെ മനോഹരമായ പ്രാർത്ഥനയുണ്ട്. അങ്ങ് അവരുടെ ഇടയനായിരിക്കേണമേ എന്ന്..... ഏശയ്യ 40:11 ൽ ഇടയനെപ്പോലെ അവിടുന്ന് തന്റെ ആട്ടിൻക്കൂട്ടത്തെ മേയിക്കുന്നുവെന്ന് എഴുതിയിരിക്കുന്നു... ഈ വചനങ്ങൾ എല്ലാം ദൈവത്തിന്റെ ഇടയഭാവത്തെ പ്രതിപാദിക്കുന്നതാണ്.

കൂടാതെ, തന്നെ ഇസ്രായേലിന്റെ ഇടയൻമാരായി ദൈവം ചിലരെ നിയമിക്കുന്നുമുണ്ട്. സംഖ്യ 27:16-17 ൽ അവിടുത്തെ ജനം ഇടയനില്ലാത്ത ആടുകളെപ്പോലെയാകാതെ എല്ലാ കാര്യങ്ങളിലും അവരെ നയിക്കാൻ ഒരാളെ സമൂഹത്തിന്റെമേൽ നിയമിക്കാൻ തിരുവുള്ളമാകുന്ന ദൈവത്തെ കണ്ടുമുട്ടും...... 2 സാമു 5:2 ൽ ഇസ്രായേൽ ഗോത്രങ്ങൾ ഹെബ്രോണിൽ ദാവീദിന്റെ

അടുക്കൽ വന്നു പറയുന്നുണ്ട്. എന്റെ ജനമായ ഇസ്രയേലിന് നീ ഇടയനും അധിപനും ആയിരിക്കുമെന്ന് കർത്താവ് അരുളിച്ചെയ്തിട്ടുണ്ടല്ലോ...ഏശയ്യ 44:28-ൽ സൈറസിനെപ്പറ്റി എഴുതിയിരിക്കുന്നു-ഞാൻ നിയോഗിച്ച ഇടയനാണ് അവനെന്ന്....

പുതിയ നിയമത്തിൽ ക്രിസ്തുവാണ് ഇടയൻ. ഞാൻ നല്ലിടയൻ എന്ന വാക്യത്തെ വിശുദ്ധഗ്രന്ഥ വ്യാഖ്യാതാവായ Bareclay വൈദ്യൻ അഥവാ ഡോക്ടർ എന്നതുമായാണ് ബന്ധിപ്പിക്കുന്നത്. കാരണം, ഒരു നല്ല ഡോക്ടറുടെ ചികിത്സാപരമായ നൈപുണ്യത്തെക്കാൾ ആളുകൾ പറയുക അയാളുടെ ദയാലുത്വത്തെയും സഹാനുഭൂതിയെയും കുറിച്ചായിരിക്കും. ഈ അർത്ഥത്തിൽ, സ്നേഹത്തിന്റെ അഴകാണ് നല്ലിടയൻ എന്ന ക്രിസ്തുവിന്റെ ചിത്രത്തിൽ തെളിയുന്നത്. ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു എന്നതിന്റെ പൊരുൾ 1 സാമു 17:35 ൽ വായിക്കും -സിംഹമോ കരടിയോ വന്ന് ആട്ടിൻപറ്റത്തിൽ നിന്ന് ഒരാട്ടിൻ കുട്ടിയെ തട്ടിയെടുത്താൽ അവയെ പിൻതുടർന്ന് ആട്ടിൻകുട്ടിയെ രക്ഷിക്കുന്ന ഒരു ഇടയന്റെ ചിത്രത്തിൽ, വഴിതെറ്റിപ്പോയ ആടിനെത്തേടി രാത്രിയുടെ യാമങ്ങളിൽ അലയുന്ന ഇടയൻ വന്യമൃഗങ്ങളുടെയോ, കൊള്ളക്കാരുടെയോ, പിടിയിലമർന്ന് രക്തം ചിന്താറുണ്ട്. അതോടൊപ്പം, ഇടയന്റെ സ്വരം കേട്ട് അവനെ അനുഗമിക്കാന്ന ആടുകളുമുണ്ട്. ഇസ്രായേലിൽ ജീവിച്ചിരുന്ന Borchertsâ അഭിപ്രായത്തിൽ, രണ്ട് മാനങ്ങളിലൂടെ ഈ വാക്യം മനസിലാക്കാം. ഒന്നാമതായി, ജറുസലേമിന്റെ തിക്കുംതിരക്കുമുള്ള ഭാഗങ്ങളിലൂടെ ആടുകളെ മേയ്ക്കുമ്പോൾ അവ കൂട്ടം തെറ്റാതിരിക്കാൻ ഇടയൻ പാടുകയും വിസിൽ മുഴക്കുകയും ചെയ്യുന്ന ഒരു പതിവ് ഉണ്ടായിരുന്നത്രെ. അങ്ങനെ ഇടയന്റെ ശബ്ദം കേട്ട് ആടുകൾ കൂട്ടംതെറ്റാതെ പോകും.....രണ്ടാമതായി, ഓരോ ആട്ടിൻപറ്റത്തിനും ഓരോ ഇടയനുണ്ടായിരിക്കും. എന്നാൽ രാത്രിയിൽ ആടുകൾ ഒരു കൂട്ടമായി ഒരു സ്ഥലത്താണ് വിശ്രമിക്കാറുള്ളത്. പ്രഭാതമാകുമ്പോൾ ഓരോ ഇടയനും വന്നുപാടുകയോ ശബ്ദം മുഴുക്കുകയോ ചെയ്യുമ്പോൾ ആട്ടിൻപറ്റങ്ങൾ അവയുടെ ഇടയനെ തിരിച്ചറിയുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ ആട്ടിൻക്കൂട്ടം അവന്റെ സ്വരം ശ്രവിക്കുക മാത്രമല്ല, ആ ശബ്ദം തിരിച്ചറിഞ്ഞ്, നിത്യജീവന്റെ പച്ചപ്പിലേക്ക് നയിക്കാൻ കഴിവുള്ള ഇടയനെ വിശ്വാസത്തോടെ പിഞ്ചെല്ലുമെന്ന് ജോൺ 23-ാം പാപ്പ പറയുന്നുണ്ട്.

ആടുകൾ ചെന്നായ്ക്കളിൽ നിന്നും സുരക്ഷിതരായിരിക്കണമെങ്കിൽ അവ ഇടയനോടടുത്തായിരിക്കണം. ഇടയനിൽ നിന്നും അകലുന്ന ആടുകൾക്ക് പരിക്കേല്ക്കും. വി.ജെറോമിനെപ്പോലെ ഇപ്രകാരം പ്രാർത്ഥിക്കാം -ഞാൻ അസുഖമുള്ളതും കൂട്ടം തെറ്റിയതുമായ ഒരാടാണ്. നല്ലിടയൻ എന്നെ തോളിലേറ്റി ആലയിലേക്ക് തിരികെ കൊണ്ടു ചെന്നാക്കാത്തിടത്തോളം എന്റെ കാലടികൾ പതറുന്നു.... എഴുന്നേൽക്കാൻ ശ്രമിക്കുമ്പോഴും എന്റെ പാദങ്ങൾ അകന്നുപോകുന്നു.

# മദ്യവിരുദ്ധ സമിതിക്ക് നവനേതൃത്വം

കൊച്ചി: കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന നേതൃത്വത്തെ തെരഞ്ഞെടുത്തു. പാലാരിവട്ടം പിഒസിയിൽ വച്ചുനടന്ന മദ്യവിരുദ്ധ സമിതി സംസ്ഥാനതല തെരഞ്ഞെടുപ്പ് കെസിബിസി ടെമ്പറൻസ് കമ്മീഷൻ ചെയർമാൻ യൂഹാനോൻ മാർ തെയഡോഷ്യസ് ഉദ്ഘാടനം ചെയ്തു. ഫാ. ജേക്കബ് പാലക്കാപ്പിള്ളി കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജോൺ അരീക്കൽ സംസ്ഥാന ജനറൽ സെക്രട്ടറി തുടങ്ങിയവർ പ്രസംഗിച്ചു. മദ്യവിരുദ്ധ സമിതി തിരുവനന്തപുരം റീജ്യണൽ വൈസ് പ്രസിഡന്റായി തിരുവനന്തപുരം ലത്തീൻ അതിരൂപതാംഗം അജിത് ശംഖുംമുഖവും സെക്രട്ടറിയായി പുനലൂർ രൂപതാ അംഗം ജോർജ്ജ് സി.ജെയും തെരഞ്ഞെടുക്കപ്പെട്ടു. തിരുവനന്തപുരം അതിരൂപതയെ പ്രതിനിധീകരിച്ചു റ്റിഎസ്എസ്എസ് കോർഡിനേറ്റർ സി. ജെസ്സി ജോസിന്റെ നേതൃത്വത്തിൽ ഏഴ് രൂപതാ ഭാരവാഹികൾ പങ്കെടുത്തു.



*കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനം ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ് ഉദ്ഘാടനം ചെയ്യുന്നു*



*കെസിബിസി മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനത്തിൽ തിരുവനന്തപുരം രൂപതയെ പ്രതിനിധീകരിച്ചവർ കോർഡിനേറ്റർ സിസ്റ്റർ ജെസ്സി ജോസിനൊടൊപ്പം*

# അല്മായ ശുശ്രൂഷ: അടിസ്ഥാന ക്രൈസ്തവ സമൂഹത്തിൽ



1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം
2. സ്വാഗതം: കുടുംബനാഥൻ/ നാഥ
3. യേശുവിനെ ക്ഷണിക്കൽ

പ്രതീക്ഷയും പ്രകാശവും നഷ്ടപ്പെട്ട മനുഷ്യവർഗ്ഗത്തെ നവീകരിക്കുന്നതിനായ് വെളിച്ചമായ് ജീവനായ് കടന്നുവന്ന ദൈവപുത്രനായ യേശുവിനെ നമ്മുടെ ജീവിതങ്ങൾക്ക് ഉണർവും ഓജസ്സും നൽകുന്നതിനായ്, കുടുംബങ്ങൾ നവീകരിക്കപ്പെടുന്നതിനായ് ഈ കൂട്ടായ്മയിലേക്ക് ക്ഷണിക്കാം.

4. വചനഗീതി
5. ദൈവവചന പാരായണം

**ലൂക്കാ 5:1–11**

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

6. വചനവിചിന്തനം

യേശു തന്റെ ദൗത്യ പൂർത്തീകരണത്തിനായി ശിഷ്യന്മാരെ തെരഞ്ഞെടുക്കുന്ന വചനഭാഗമാണ് നാം ശ്രവിച്ചത്. യേശു ശിമയോനോടു പറയുന്നു "ആഴത്തിലേക്കു നീക്കി, മീൻ പിടിക്കാൻ വലയിറക്കുക''. ശിമയോൻ ഇങ്ങനെ പ്രതികരിക്കുന്നു. "ഗുരോ, രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഞങ്ങൾക്ക് ഒന്നും കിട്ടിയില്ല. എങ്കിലും നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം. വലയിറക്കിയപ്പോൾ വളരെയേറെ മത്സ്യങ്ങൾ അവർക്കു കിട്ടി.

മാമോദീസ വഴി ക്രിസ്തുവിനോട് ചേർന്ന് ശരീരമാകുകയും ദൈവജനമായി രൂപം പ്രാപിക്കുകയും ചെയ്തു കൊണ്ട് ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും സ്വർഗ്ഗീയമായ രീതിയിൽ പങ്കുചേർന്ന ക്രിസ്തു ശിഷ്യരായി തീർന്ന നമ്മൾ

ഓരോരുത്തരോടും അവിടന്ന് ആവശ്യപ്പെടുന്നത് ഇതുതന്നെയാണ്. ''ആഴത്തിലേക്ക് നീക്കി വലയിറക്കുക''. സഭയുടെ രക്ഷാകരദൗത്യത്തിൽ പങ്കുചേരുന്ന നമ്മൾ, നമുക്ക് ചുറ്റുമുള്ള മനുഷ്യജീവിതങ്ങളെ വെറുതെ കണ്ടതുകൊണ്ട് മാത്രമായില്ല, അവരിലേക്കിറങ്ങിചെന്നു കൊണ്ട് അവരുടെ ആവശ്യങ്ങളോട് പ്രത്യുത്തരിക്കാൻ കഴിയുന്നതരത്തിൽ നമ്മുടെ പ്രവർത്തനങ്ങളെ രൂപാന്തരപ്പെടുത്താനായാൽ നമുക്ക് നേട്ടങ്ങൾ കൈവരിക്കാനാകും എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല.

"വള്ളങ്ങൾ കരയ്ക്കടുപ്പിച്ചതിനു ശേഷം എല്ലാം ഉപേക്ഷിച്ച് അവർ അവനെ അനുഗമിച്ചു" എന്ന് നാം വായിക്കുന്നു. ദുഃഖങ്ങളും വേദനകളും ആകുന്ന കൊടുങ്കാറ്റുകളിൽ അകപ്പെട്ട് ആടി ഉലയുന്ന ജീവിത നൗകകളെ കരയ്ക്കടുപ്പിക്കുവാൻ നമ്മളാൽ കഴിയുന്ന തരത്തിൽ സഹായിക്കാനായാൽ, ആ സ്നേഹത്തെ അനുഗമിക്കുക എന്നത് മനുഷ്യസഹചമാണ്. സഭാ സംവിധാനത്തിൽ ഏറ്റവും താഴെത്തട്ടിൽ പ്രവർത്തിക്കുന്ന ബി.സി.സി.കളും അതുമായി ബന്ധപ്പെട്ട എല്ലാ ശുശ്രൂഷാ സമിതികളും പ്രവർത്തനത്തിൽ സജീവത കൈവരിച്ചാൽ ഒരുപാട് ജീവിതങ്ങൾക്ക് പുത്തൻ പ്രതീക്ഷകളേകാൻ നമുക്ക് കഴിയും. എല്ലാ ശുശ്രൂഷാ സമിതികളിലും പ്രവർത്തിക്കുന്നത് അല്മായരാണെന്നിരിക്കെ അവയുടെ ഏകോപനവും പങ്കാളിത്തവും ശാക്തീകരണവും അല്മായ ശുശ്രൂഷയയുടെ ഉത്തരവാദിത്വം കൂടിയാണ്.

"അല്മായർ സഭയുടേത് എന്നല്ല; അവർ തന്നെ സഭയാണെന്ന ബോധം അല്മായർക്കുണ്ടാകണ''മെന്നാണ് 12-ാം പീയൂസ് പാപ്പ പറഞ്ഞിട്ടുള്ളത്. കോവിഡാനന്തര ഈ കാലഘട്ടത്തിൽ ഒരു നവ ലോക സൃഷ്ടിക്കായി വളരെ വലിയ ദൗത്യമാണ് ഓരോ അല്മായനും ഏറ്റെടുക്കാനുള്ളത്. കുടുംബം, വിദ്യാലയം, തൊഴിൽ മേഖല, യുവജന സമൂഹം, സമുദായരംഗം, രാഷ്ട്രീയരംഗം എന്നീ മണ്ഡലങ്ങളിൽ ഉയർന്നുവരുന്ന പരിപാടികളും പ്രശ്നങ്ങളും സഭയുടെ ചിന്തക്ക് വിഷയീഭവിപ്പിക്കേണ്ട ചുമതല അല്മായർക്കുണ്ട്. എങ്കിൽ മാത്രമേ കാലോചിതമായ ഇടപെടലുകളും അഭിപ്രായ രൂപീകരണവും നടത്തി പ്രശ്ന പരിഹാരതലങ്ങളിലേക്ക് വളരാനാകൂ.

നേതൃതലത്തിൽ പ്രവർത്തിക്കുന്നവർ ഓരോരുത്തരും സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങൾ ഫ്രാൻസിസ് പാപ്പ "ഫ്രത്തേല്ലി തൂത്തി" (നാം സോദരർ) എന്ന തന്റെ ചാക്രിക ലേഖനത്തിൽ ഉന്നയിക്കുന്നുണ്ട്. അവയിൽ ചിലത് ഇതാണ്.

"ഞാനെന്തിനാണിതു ചെയ്യുന്നത്?"

"എന്താണ് എന്റെ യഥാർത്ഥ ലക്ഷ്യം?"

''എന്റെ കർത്തവ്യത്തിൽ ഞാൻ എത്രമാത്രം സ്നേഹം നിറച്ചു?"

''എന്റെ ജനതയിൽ പുരോഗതി കൊണ്ടുവരാൻ ഞാൻ എന്തു ചെയ്തു?"

''എന്റെ സമൂഹത്തിന്റെ ജീവിതത്തിൽ ഞാൻ എന്തടയാളം ശേഷിപ്പിച്ചു?"

''ഞാൻ എന്തുമാത്രം യഥാർത്ഥ ബന്ധങ്ങൾ സൃഷ്ടിച്ചു?"

"എന്നെ ഭരമേല്പിച്ച സ്ഥാനത്തിലിരുന്ന് ഞാൻ എന്തു നന്മ നേടി?"

ഈ ചോദ്യങ്ങൾക്കുള്ള മറുപടികളാകണം നമ്മുടെ പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടത്. അതിലൂടെയാകണം യേശുവിന്റെ ശിഷ്യത്വത്തിലേക്ക് നാം വളരേണ്ടത്. ശിമയോന്റെ വള്ളത്തിൽ കയറിയ യേശു നമ്മുടെ വള്ളങ്ങളിലും കയറുന്നതിനായി കാത്തു നിൽക്കുന്നു. നമ്മുടെ കൂട്ടുകാരെയും നമുക്ക് ചുറ്റുമുള്ളവരെയും നമ്മോടൊപ്പം ചേർക്കാം.

## 7. ചർച്ച

a. യേശു പറഞ്ഞതനുസരിച്ച് ആഴങ്ങളിലേക്ക് വലയെറിഞ്ഞപ്പോൾ അവർക്ക് ധാരാളം മത്സ്യം ലഭിച്ചു. ശിഷ്യരായ നാം അവിടത്തെ വചനം ശ്രവിച്ചാണോ അനുദിന ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിക്കുന്നത്, നമ്മുക്ക് പലപ്പോഴും അതിന് കഴിയാതെ വരുന്നതു എന്തുകൊണ്ട്? എങ്ങനെ അതിനെ മറികടക്കാനാകും?

b. നമ്മുടെ ബി.സി.സി.കളുമായി ബന്ധപ്പെടുത്തി ശുശ്രൂഷാ സമിതി പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുന്നതിനും അല്മായ പങ്കാളിത്തം എല്ലാതലങ്ങളിലും വർദ്ധിപ്പിക്കുന്നതിനും ''അല്മായർ തന്നെയാണ് സഭ'' എന്ന ബോധ്യം വളർത്തുന്നതിനും എന്തെല്ലാം നടപടികളാണ് നാം കൈക്കൊള്ളേണ്ടത്?

## 8. റിപ്പോർട്ട്

## 9. ഹാജർ

## 10. പൊതു അറിയിപ്പ്

## 11. വിശ്വാസികളുടെ പ്രാർത്ഥന

## 12. സമാപനഗാനം

## 13. നന്ദി

*തയ്യാറാക്കിയത്:*

**ഫാ. സുരേഷ് പയസ്**
ബിസിസി എക്സി. സെക്രട്ടറി
തിരു. അതിരൂപത



*കുടുംബപ്രേഷിത ശുശ്രൂഷ അതിരൂപതാ സമിതി യോഗത്തിൽ ഡയറക്ടർ ഫാ. ഡോ. എ.ആർ. ജോൺ പ്രസംഗിക്കുന്നു*

ജെ.സി



# മഹാമാരി നൽകുന്ന പാഠം

2019 ഡിസംബറിലാണ് കോവിഡ് 19 എന്ന മഹാമാരി മനുഷ്യരാശിയെ അക്രമിച്ചുതുടങ്ങിയത്. വ്യക്തികളെയും സമൂഹങ്ങളെയും ഭൗതികമായും മാനസികമായും വളരെയധികം സ്വാധീനിച്ചു. ലോകാരോഗ്യസംഘടന മരണസംഖ്യ കുറയ്ക്കുന്നതിനും രോഗവ്യാപനം തടയുന്നതിനും വേണ്ടി രാജ്യങ്ങളുമായി സഹകരിച്ച് പ്രവർത്തിച്ചു. ജനജീവിതം അപ്പാടെ സ്തംഭിച്ച ഇക്കാലത്ത് ഓഫീസിൽ പോകാതെ വീട്ടിലിരുന്നുതന്നെ ജോലിചെയ്യുക പതിവായി. ഇന്റർനെറ്റ് കണക്ഷനും കംപ്യൂട്ടറും അല്ലെങ്കിൽ സ്മാർട്ട് ഫോണും വേണമെന്നുമാത്രം. ഓൺലൈൻ ക്ലാസുകളും ചർച്ചകളും വെബിനാറുകളും കാലഘട്ടത്തിന്റെ ആവശ്യമായി തുടങ്ങി. നിർമാണ തൊഴിലാളികളും വഴിവാണിഭക്കാരും ശാരീരികമായി അധ്വാനിക്കുന്നവരുമൊക്കെയാണ് ഇവിടെ കൂടുതൽ കഷ്ടപ്പാടുകൾ അനുഭവിച്ചത്. ഡിജിറ്റൽ ലോകത്തിന് ഇവർ തീർത്തും അന്യരാണ്. ഡിജിറ്റൽ മേഖലയിൽ നിലനിൽക്കുന്ന വെല്ലുവിളികളെയും ആശങ്കകളെയും നമുക്ക് നേരിടേണ്ടതുണ്ട്. പ്രാഥമികമായി ആരോഗ്യത്തിലും സമ്പദ് വ്യവസ്ഥയിലും ഉണ്ടാകുന്ന ആഘാതത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു. യഥാർത്ഥത്തിൽ കോവിഡ് എന്ന മഹാവിപത്ത് നമ്മുടെ ജീവിതത്തിലെ സമസ്തമേഖലകളെയും സ്വാധീനിക്കുന്നുവെന്നതാണ് സത്യം. ഇത് നമ്മുടെ ചിന്താഗതിയിലും കാഴ്ചപ്പാടിലും മനോഭാവത്തിലും ജീവിതശൈലിയിലും പരസ്പര സമ്പർക്ക രീതിയിലും സഞ്ചാരസ്വാതന്ത്ര്യത്തിലും കാര്യമായ മാറ്റങ്ങൾ വരുത്താൻ നമ്മൾ നിർബന്ധിതരായി. സ്വന്തമായും കുടുംബാംഗങ്ങളുടേതുമായ പല ആഗ്രഹങ്ങളും ആവശ്യങ്ങളും ഈ പ്രതികൂല സാഹചര്യത്തിൽ നിറവേറ്റാതെ ഒന്നുകിൽ മാറ്റിവയ്ക്കുകയോ അല്ലെങ്കിൽ ഉപേക്ഷിക്കുകയോ ചെയ്യേണ്ടിവന്നു.

കോവിഡ് ബാധിച്ചവരെ തൊട്ടുകൂടാത്തവർ എന്ന് മുദ്രകുത്തി ഒറ്റപ്പെടുത്തുകയും മരിച്ച പ്രിയപ്പെട്ടവരെ ഒരുനോക്കുകാണാനോ വിടപറയാനോ അവരുടെ അന്ത്യകർമങ്ങളിൽ പങ്കെടുക്കുവാനോ സാധിക്കാത്തതിന്റെ ദുഃഖം ഇന്നും പലരുടെയും മനസ്സിലും ഹൃദയത്തിലും തളംകെട്ടിനിൽക്കുന്നു. പല തരത്തിലുള്ള ശാരീരിക അസ്വസ്ഥതകളും മാനസിക സംഘർഷങ്ങളും വൈകാരിക പിരിമുറുക്കങ്ങളും ഭാവിയെക്കുറിച്ചുള്ള ആശങ്കയും കുടുംബബന്ധങ്ങളുടെ സന്തുലിതാവസ്ഥയെ ഒരുപരിധിവരെ സാരമായി ബാധിക്കുകയും ചെയ്തു.

കടന്നുപോയ ഒരുവർഷത്തെ കോവിഡ് കാലഘട്ടത്തെ വസ്തുനിഷ്ഠമായി വിശകലനം ചെയ്യുമ്പോൾ ജീവിതത്തിന് പ്രയോജനകരമായ അനവധി പാഠങ്ങൾ നമുക്ക് പഠിക്കുവാൻ കഴിഞ്ഞു. ദുരന്തങ്ങൾ മനുഷ്യരെ പരസ്പരം അടുപ്പിക്കും. മനുഷ്യത്വപരമായി പരസ്പരം ഇടപഴകാനും സ്നേഹം, സാഹോദര്യം, ആദരവ്, സഹകരണം പരസ്പര സഹായം തുടങ്ങിയ സാമൂഹ്യ ജീവിതത്തിന് അത്യന്താപേക്ഷിതമായ മാനുഷിക മൂല്യങ്ങളെ തുറന്ന് പ്രകടിപ്പിക്കാനും ഉയർത്തിപ്പിടിക്കാനും നമ്മെ പ്രേരിപ്പിക്കുന്നു. പല സംഘടനകളും ഗ്രൂപ്പുകളും ഈ അടിയന്തിരഘട്ടത്തിൽ നടത്തിയ സേവനങ്ങൾ സ്തുത്യർഹവും മാതൃകാപരവുമാണ്. കക്ഷിരാഷ്ട്രീയം മറന്ന് സഹകരിച്ച് കമ്യൂണിറ്റി കിച്ചൻ നടത്തി പട്ടിണിയില്ലാത്ത അവസ്ഥ ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടുവന്നത് നമ്മുടെ മനസ്സുകളിൽ പ്രത്യാശ ഉണർത്തുന്ന അനുഭവങ്ങളാണ് സുസ്ഥിര വികസനം, ദാരിദ്ര്യനിർമ്മാർജ്ജനം എല്ലാപേർക്കും തൊഴിൽ, സാർവത്രിക സാമൂഹിക സുരക്ഷ, ലിംഗനീതി, സാമൂഹിക ക്ഷേമം. എല്ലാപേർക്കും നീതി എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാൻ നാം സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഈ മഹത്തായ ലക്ഷ്യങ്ങൾ നേടുന്നതിന് സന്മനസ്സുള്ള എല്ലാ വ്യക്തികളുടെയും പ്രതിബദ്ധതയും സഹകരണവും അത്യന്താപേക്ഷിതമാണ്.

Total Page 24 Pub. Date : 01.04.2021
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00

# Jubilee Memorial Hospital

## Latin Archdiocese of Trivandrum

*Little Flower College of Nursing*




**College Code - JBN.**

CARDIAC CATHLAB



ANGIOGRAM, ANGIOPLASTY




- Departments : General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- Supportive Services : 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- Jubilee's Pride: Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto